൧൫. ഓരോ ഇനത്തിലേക്കും ഉള്ള ലേല വില്പനയെ സ്ഥിരപ്പെടുത്തിട്ടുള്ള വിവരം കഴിയുന്നിടത്തോളം വേഗത്തിൽ രേഖാമൂലമായി ലേലത്തിൽ കൊണ്ടവനെ തെരിയപ്പെടുത്തേണ്ടതാകുന്നു.

൧൬. ലേലത്തിൽ കൊണ്ടവൻ മുമ്പു കെട്ടിവെച്ചിട്ടുള്ള തുകകളോടു കൂട്ടിയാൽ മൂന്നു തവണകളുള്ള കിസ്തിന്റെ തുകയായി വരുന്നതിനു വേണ്ട പണം ലേലം സ്ഥിരപ്പെടുത്തിയിരിക്കുന്ന വിവരം അയാളെ തെരിയപ്പെടുത്തിയ തീയതി മുതൽ പത്തു ദിവസത്തിനകം അയാൾ കെട്ടിവെക്കേണ്ടതും ൯-ം ഖണ്ഡത്തിൽ പറഞ്ഞ തുക കെട്ടിവച്ച തീയതി മുതൽ പത്തു ദിവസത്തിനകം ആവശ്യം ഉള്ള ഉടമ്പടി എഴുതികൊടുക്കുകയും ആവശ്യം ഉള്ള ലൈസൻസ് വാങ്ങിക്കൊള്ളുകയും ചെയ്യേണ്ടതും ആകുന്നു. അങ്ങിനെ വേണ്ട കൂടുതൽ തുക കെട്ടിവെക്കയൊ ഉടമ്പടി എഴുതി കൊടുക്കയൊ ചെയ്യാതിരുന്നാൽ ഈ ചട്ടങ്ങളിൽ ൧൮-ം വകുപ്പനുസരിച്ചു ഉള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു. ഉടമ്പടി എഴുതി കൊടുക്കുംമുമ്പെ ലേലത്തിൽ കൊണ്ടവൻ മരിക്കുന്നതായാൽ മരിച്ചവന്റെ അവകാശികളെക്കൊണ്ടു ഉടമ്പടി എഴുതി വാങ്ങിക്കേണ്ടാ എന്നു ദിവാൻ നിശ്ചയിക്കുന്നില്ലെങ്കിൽ അവരുടെ പക്കൽ നിന്നു തന്നെ ഉടമ്പടി എഴുതി വാങ്ങിക്കേണ്ടതാകുന്നു.

൧൭. ലേലത്തിൽ കൊണ്ടവന്റെ പക്കൽ നിന്നു ജാമ്യം വാങ്ങിക്കേണ്ടതു ആവശ്യം ആണെന്നു വല്ല ദശയിലും കാണുന്നതായാൽ അയാൾ ഒടുക്കേണ്ടതായ മൂന്നു തവണകൾക്കുള്ള കിസ്തുകളിൽ കവിയാത്ത ഒരു തുക ജാമ്യമായി ഒടുക്കേണ്ടതാണെന്നു ദിവാൻ അയാളോടു ആവശ്യപ്പെടാവുന്നതാകുന്നു. അപ്രകാരം ഉള്ള ജാമ്യം അനുവദിച്ചിട്ടുള്ള കാലത്തിനകം ഒടുക്കുന്നതിനു വീഴ്ച വരുത്തുന്നതു ഈ ചട്ടങ്ങളിൽ ൧൮-ം വകുപ്പനുസരിച്ചുള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു.

൧൮. വീണ്ടും ലേലം ചെയ്യേണ്ടതായി വരുന്ന യാതൊരു സംഗതിയിലും ആദ്യത്തെ വില്പനക്കുള്ള മാതിരിയിലും കാലസംഖ്യക്കും പുതുതായി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

൧൯. ലേലത്തിൽ കൊണ്ട ഏതു ആളുടെ വീഴ്ച നിമിത്തം വീണ്ടും ലേലത്തിൽ വില്ക്കുന്നതിനു ഇടയായൊ ആ ആൾ ആ ഇനം വീണ്ടും ലേലം ചെയ്യുന്നതിൽ പണത്തിൽ വല്ല കുറവും ഉണ്ടെങ്കിൽ അതു ഉൾപ്പെടെ വീണ്ടും ലേലം നിമിത്തമായി ഗവൎമ്മെണ്ടിനു ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിയായി ഇരിക്കേണ്ടതാകുന്നു. എന്നാൽ വീണ്ടും ലേലത്തിൽ വില്ക്കുന്നതിനാൽ ഉണ്ടാകുന്ന യാതൊരു ലാഭത്തിനും അയാൾക്കു അവകാശവും ഇല്ലാ.

൨൦. അങ്ങിനെയുള്ള ഉത്തരവാദിത്വത്തിലേക്കായി അയാൾ കെട്ടിവെച്ചിട്ടുള്ളതോ അയാൾക്കു ചെല്ലേണ്ടതായി ഗവൎമ്മെണ്ടിൽ നില്ക്കുന്നതോ ആയ ഏതു തുകയേയും ആദ്യമായി ഉപയോഗിക്കുന്നതാകുന്നു. എന്നിട്ടും വല്ല ബാക്കിയും അയാളുടെ പക്കൽ ഈടാകാൻ ഉണ്ടായിരുന്നാൽ അതിനെ കരക്കുടിശ്ശികപോലെ അയാളുടെ പക്കൽ നിന്നു ഈടാക്കാവുന്നതാകുന്നു.

൨൧. ഈ ചട്ടങ്ങളിൽ ൧൬-ം വകുപ്പും ൧൭-ം വകുപ്പും അനുസരിച്ചു ഒടുക്കിട്ടുള്ള ഡെപ്പോസിട്ടുകളെ സക്കാരിലേക്കു ഒതുക്കിട്ടില്ലെന്നു വരികിൽ ആ ഡെപ്പോസിട്ടുകളേയും ൧൭-ം വകുപ്പു അനുസരിച്ചുള്ള ജാമ്യ തുകയേയും ലൈസൻസിലെ വ്യവസ്ഥകളെ ശരിയായി നടത്തുന്നതിലേക്കുള്ള ഉറപ്പിനു വേണ്ട ബാധ്യതയായി വെച്ചിരിക്കുന്നതാകുന്നു.

൨൨. വീഴ്ച നിമിത്തമോ ജോലി നടത്തൽ നിറുത്തിയതു നിമിത്തമോ ഈ സ്വാതന്ത്ര്യാവകാശത്തെ വീണ്ടും വില്ക്കേണ്ടി വരുന്ന സംഗതിയിൽ പുതുതായി ഒരു കുത്തകക്കാരൻ ഈ ജോലി തുടങ്ങുന്നതു വരേയൊ ഗവൎമ്മെണ്ട് ആവശ്യം എന്നു വിചാരിക്കുന്ന സമയം വരെയൊ

ഡിപ്പാർട്ടുമെണ്ട് ഏർപ്പെടുത്തുമ്പോൾ ഈ കുത്തക ഉടമ്പടി അനുസരിച്ചുള്ള ലേലമായി നടത്തുന്നതി നു എക്സൈസ് കമ്മീഷണരോട് ഗവൺമെണ്ട് അനുവാദിക്കുന്നതാകുന്നു. പുനർ വിക്രയ ത്തെ ദിവാൻ സമ്മതിച്ചിട്ടുള്ളതായിരിക്കയോ പുനർ വിക്രയം ലാഭകരമാണെന്ന് ദിവാൻ വിചാരിക്കയോ ചെയ്യുന്നതായാൽ ആ കുത്തകയിന്മേൽ ബാക്കിയുള്ള കാലത്തേക്ക് ത നിരത വ്യക്തം എന്നു തോന്നുന്ന ഏർപ്പാട് ദിവാൻ ചെയ്യാവുന്നതാകുന്നു. ഈ സംഗതിയിലും എ ല്ലാ നഷ്ടത്തിനും വീഴ്ചക്കാരനെ ഉത്തരവാദിയാക്കുന്നതാകുന്നു.

൨൩. ഒരു വിക്രയം അവസാനിച്ചതിനു പിന്നെ കഴിയുന്നതും വേഗത്തിൽ ആ കാലത്തിൽ കൊണ്ടുവന്ന് ഒഴിച്ചു മറ്റുള്ളവർ കെട്ടി വച്ചിട്ടുള്ള നിരത ദ്രവ്യങ്ങളെ മടക്കി കൊടുക്കുന്നതിനു ഉത്തരവു കൊടുക്കേണ്ടതാകുന്നു.

൨൪. ദിവാൻ്റെ അനുവാദം കൂടാതെ തൻ്റെ ഉടമ്പടിക്കോ ലൈസൻസിനോ വിഷയം ആയ കാര്യത്തെ വിൽക്കുന്നതിനോ പാട്ടം കൊടുക്കുന്നതിനോ മറ്റു വിധത്തിൽ കൈമാറുന്ന തിനോ യാതൊരു കുത്തകക്കാരനും ലൈസൻസ് വാങ്ങിച്ചിട്ടുള്ള വിക്രയിക്കും അധികാരം ഇല്ലാ.

൨൫. ഒരു കുത്തകക്കാരനോ ലൈസൻസ് പിടിച്ച (വെണ്ടർ) വിക്രയിയോ അയാളു ടെ കുത്തകയുടെയോ ലൈസൻസിൻ്റെയോ ജോലി നടത്തുന്നതിനായി വല്ല ഏജണ്ടി നെയോ വേലക്കാരനെയോ നിയോഗിക്കരുതെന്നു ആ കുത്തകക്കാരനോടോ ലൈസൻസു കാരനോടോ ആവശ്യപ്പെടുന്നതു ആ കുത്തകയിലേയോ ലൈസൻസിലേയോ കാര്യങ്ങൾ ശരിയായി നടത്തിക്കുന്നതിനു ഗുണകരം ആണെന്നു എക്സൈസ് കമ്മീഷണർ വിചാരിക്കുന്ന തായാൽ അപ്രകാരം ചെയ്യണം എന്നു കമ്മീഷണർ ആവശ്യപ്പെടുമ്പോൾ അതു അനുസരി ച്ചു ഓരോ കുത്തകക്കാരനും ലൈസൻസ് വിക്രയിയും നടത്തേണ്ടതാകുന്നു. അങ്ങിനെ ആ വശ്യപ്പെടുന്നതു അനുസരിച്ചു നടത്താതിരുന്നാൽ അങ്ങിനെ വീഴ്ച ചെയ്യുന്ന ഓരോ ദിവസ ത്തേക്കു ഒരു രൂപായിൽ കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു ആ കുത്തകക്കാരനോ ലൈ സൻസ് പിടിച്ച വിക്രയിയോ പാത്രം ആയി ഭവിക്കയും ചെയ്യും. ഒരു മാസം കാലത്തേ ക്കു തുടർച്ചയായി വീഴ്ച വരുത്തുന്നതായാൽ ദിവാൻ്റെ യുക്തംപോലെ കുത്തകക്കാരൻ്റെ കുത്ത കയേയോ ലൈസൻസ് വിക്രയിയുടെ ലൈസൻസിനെയോ റദ്ദ് ചെയ്യാവുന്നതാകുന്നു.

൨൬. മേലെഴുതിയ യാതൊരുത്തനും ലൈസൻസ് വാങ്ങിക്കുംമുമ്പെ അയാളുടെ കു ത്തകയുടെ ജോലിയിൽ പ്രവേശിക്കുന്നതിനു അയാൾക്കു നിയമേന അധികാരം ഉണ്ടായിരിക്ക യോ അയാളെ നിയമേന ബാദ്ധ്യപ്പെടുത്തുകയോ ചെയ്യുന്നതല്ലാ. എന്നാൽ അയാൾ ലൈസൻ സ് വാങ്ങിയിരുന്നിരുന്നാൽ എന്നപോലെ കുത്തക അനുസരിച്ചു ഉത്തരവാദിത്വം ഉള്ളതായി ഗണിക്കുന്നതും ആകുന്നു.

൨൭. കുത്തകക്കാരുടെ കുത്തകകാലത്തിലുള്ള ആദ്യത്തെ കൊല്ലത്തിൽ ചിങ്ങമാസം ഒടുവി ലത്തെ ദിവസം തുടങ്ങി ഓരോ മലയാളം മാസത്തിലെയും ഒടുവിലത്തെ ദിവസത്തിലോ അ തിനു മുമ്പിലോ ആയി മാസംതോറും ഉള്ള തുല്യം ആയ ൧൨ തവണകളിൽ ആയി അതാതു സ്ഥ ലത്തെ താലൂക്ക ഖജനാവിലോ അതാതുകാലം ഉത്തരവു കൊടുക്കാവുന്ന മറ്റു ഖജനാവിലോ ഒടുക്കേണ്ടതാകുന്നു.

൨൮. ഈ ചട്ടങ്ങൾ ൧൪ ാം വകുപ്പും ൧൭ ാം വകുപ്പും അനുസരിച്ചു കുത്തകക്കാരനോ ലൈസൻസുകാരനോ ഒടുക്കീട്ടുള്ള ഡെപ്പോസിട് തുക പണം ആയിട്ടായിരുന്നാൽ ഈ ചട്ടങ്ങ ൾ അനുസരിച്ചു അതിനു മുമ്പിൽകൂട്ടി ഗവൺമെണ്ടിലേക്കു ഒടുക്കീട്ടില്ലെങ്കിൽ വരുകിൽ കുത്തക കാലത്തിലെ ഒടുവിലത്തെ മൂന്നു മാസം കാലത്തേക്കു ചെല്ലേണ്ട തവണകൾക്കായി മുതൽ വെക്കുന്നതാകുന്നു. അതു ഇന്ത്യാ ഗവൺമെണ്ട് പ്രാമിസറി നോട്ടുകളോ സേവിംഗ്സ് ബാ ങ്കിലെ നിക്ഷേപപത്രങ്ങളോ ആയിരുന്നാൽ കുത്തകക്കാരനോ ലൈസൻസുകാരനോ ഒടുക്കേണ്ട തായ കിസ്തു തുക മുഴുവനും ഒടുക്കുമ്പോൾ അവക്ക് തിരിയെ കിട്ടണം എങ്കിൽ തിരിയെ കൊടു ക്കുന്നതാകുന്നു. അങ്ങിനെ അല്ലാതിരുന്നാൽ ഈ പ്രാമിസറി നോട്ടുകളേയോ നിക്ഷേപപത്രങ്ങ ളേയോ വില്ക്കയോ മറ്റുവല്ല വിധത്തിലും വിനിയോഗിക്കയോ ചെയ്യുകയും, ഇതിനാൽ കിട്ടുന്ന തുക കളെ ഒടുവിലത്തെ മൂന്നുമാസം കാലത്തേക്കു ചെല്ലേണ്ട തവണകൾക്കായി മുതൽ വെക്കയും, എന്നിട്ടും വല്ല ബാക്കിയും ഉണ്ടായിരുന്നാൽ അതിനെ കരക്കുടിശ്ശിക എന്നപോലെ ഈടാക്ക യും ചെയ്യേണ്ടതാകുന്നു.

൨൯. വല്ല തവണയോ തവണകളോ ഖജനാവിൽ പണം ഒടുക്കേണ്ടിയിരിക്കുന്ന വല്ല കുത്തകക്കാരനോ മറ്റുവല്ല ആളോ പണം ഒടുക്കുന്നവകക്ക റേഞ്ച് ആഫീസരോ ആ ആഫീസർ ഇല്ലെങ്കിൽ ഡിപ്പാർട്ടുമെണ്ടിലെ മറ്റുവല്ല മേലത്തരം ഉദ്യോഗസ്ഥനോ പണം ഖജനാവിൽ ഹാജരാക്കുന്നതിനു ൭ ദിവസത്തിൽ അധികം അല്ലാതെ മുമ്പിൽ ആയി കൊടു ക്കുന്ന ഒരു ചെല്ലാനും പണവും ട്രെഷറി ആഫീസരുടെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു.

൩൦. ഒരു കുത്തകയോ ലൈസൻസോ അനുസരിച്ചു ഒടുക്കേണ്ടതായ തുടൎച്ചയായ വല്ല രണ്ടു തവണകളും കുടിശ്ശിക വീഴുന്നതായാൽ എക്സൈസ് കമ്മിഷണർ ദിവാൻെറ അനുവാദത്തോടുകൂടി ലൈസൻസിനെ തൽക്കാലത്തേക്കു നിറുത്തിവെക്കയോ ആ കുത്തകക്കാരൻേറയോ ലൈസൻസുകാരൻേറയോ യോഗ്യഭാഗ്യത്തിന്മേൽ ആ സ്വാതന്ത്ര്യത്തെ വില്ക്കുന്നതിനു ആജ്ഞാപിക്കയോ ചെയ്യുന്നതാകുന്നു.

൩൧. വീണ്ടും വില്ക്കുന്നതിനു ആജ്ഞാപിക്കുമ്പോൾ പുതിയ കുത്തകയോ ലൈസൻസോ നടപ്പിൽ വരുന്നതുവരെ ആ കുത്തകയിലേയോ ലൈസൻസിലേയോ കാൎയ്യാദികളെ ഡിപ്പാൎട്ടുമെണ്ട് ജീവനക്കാരെക്കൊണ്ടു നടത്തിക്കേണ്ടതാകുന്നു. അങ്ങനെയുള്ള പുനൎവിക്രയത്തിൻേറയോ മറ്റുവിധത്തിൽ ചെയ്ത ഏൎപ്പാടിൻേറയോ വിവരം കുത്തകക്കാരനേയോ ലൈസൻസുകാരനേയോ തെരിയപ്പെടുത്തേണ്ടതാകുന്നു.

൩൨. ഒരു കുത്തകക്കാരനൊ ലൈസൻസുകാരനൊ ഗവൎമ്മെണ്ടിലേക്കു ഒടുക്കാനുള്ള എല്ലാ കുടിശ്ശികകൾക്കും ആണ്ടു ഒന്നുക്കു ൧൦൦-ന്നു ൧൨ വീതം പലിശ ചുമത്തുന്നതാകുന്നു.

൩൩. കുത്തകക്കാരനൊ ലൈസൻസുകാരനൊ കുത്തകത്തുകയെ ഇളച്ചുകൊടുക്കയൊ കുറച്ചുകൊടുക്കയൊ ചെയ്യണം എന്നു യാതൊരുവിധം കാരണത്താലും അവകാശപ്പെടുവാൻ പാടില്ലാ.

ലൈസൻസുകാർ.

൩൪. ലൈസൻസുകാരൻ വല്ല അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ അയാളുടെ ലൈസൻസിലെ സ്ഥലത്തിന്നു പുറമെ വില്ക്കയൊ കൈവശം വച്ചുകൊണ്ടിരിക്കയൊ ചെയ്യരുതു.

൩൫. അഫീൻ, കഞ്ചാവു അല്ലെങ്കിൽ മറ്റുവല്ല സാധനം ഇവയെ വില്ക്കുന്നതു ഒരു കെട്ടിടം മുഴുവനൊ അധികംഭാഗമൊ ഈ കാൎയ്യത്തിലേക്കായി പ്രത്യേകം തിരിച്ചുവച്ചിരിക്കുന്ന ഉചിതമായ ഒരു കെട്ടിടത്തിൽ വച്ചു മാത്രമെ ആകാവു.

൩൬. തൻെറ ലൈസൻസ് സംബന്ധിക്കുന്നതല്ലാത്ത യാതൊരു ലൈസൻസ് ഉള്ള സ്ഥലത്തും അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ വില്ക്കയൊ കൈവശം വച്ചുകൊണ്ടിരിക്കയൊ ചെയ്തുകൂടാ.

൩൭. ഓരോ കടകയുടെയും മുൻവശത്തായി ലൈസൻസ് നമ്പരും ലൈസൻസ്കാരൻെറ പേരും ഏതു സാധനങ്ങൾ വില്ക്കുന്നതിനു ലൈസൻസു കിട്ടിയിട്ടുണ്ടൊ ആ സാധനങ്ങളുടെ പേരും അവയെ വില്ക്കുന്ന വിലയും എഴുതി ഒരു അടയാളപ്പലക പതിച്ചിരിക്കേണ്ടതാകുന്നു. ഈ വിവരങ്ങൾ മലയാളം അക്ഷരത്തിൽ സ്പഷ്ടമായി വായിക്കത്തക്കവണ്ണം എഴുതിയിരിക്കണം; എന്നാൽ തോവാള, അഗസ്തീശ്വരം, ചെങ്കോട്ട ഈ താലൂക്കുകളിൽ തമിഴ് അക്ഷരത്തിലും ഭാഷയിലും ആയിരിക്കേണ്ടതാകുന്നു.

൩൮. വില്പാനായി വച്ചിരിക്കുന്ന അഫീനും കഞ്ചാവും മറ്റു ലഹരി സാധനവും നല്ലതരത്തിൽ ആയുള്ളതും കലൎപ്പു ചേരാത്തതും ആയിരിക്കണം. അതിൻെറ ലഹരി ശക്തിയെ വൎദ്ധിപ്പിക്കുന്നതിലേക്കൊ മറ്റുവല്ല കാൎയ്യത്തിലേക്കൊ ആയി ഈ സാധനത്തോടു യാതൊന്നിനേയും കലൎത്തിക്കൂടാ.

൩൯. സേവിക്കുന്നതിനൊ ഉപയോഗിക്കുന്നതിനൊ കൊള്ളരുതാത്തതായൊ കലൎപ്പു ചേൎന്നിട്ടുള്ളതായി സംശയിക്കപ്പെട്ടതായൊ ഉള്ള യാതൊരു അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ കൈവശപ്പെടുത്തുന്നതിനു പീടികകളെ പരിശോധിക്കാൻ അധികൃതനായ ഓരോ ഉദ്യോഗസ്ഥനും അധികാരം ഉള്ളതാകുന്നു.

൪൦. കുഷ്ഠരോഗമൊ മറ്റു സാംക്രമികരോഗമൊ പിടിപെട്ടിട്ടുള്ള യാതൊരു ആളിനേയും ഒരു പീടികയിലൊ പുറസ്ഥലത്തൊ ഇവയെ വില്ക്കുന്നതിലൊ കടത്തിക്കൊണ്ടുപോകുന്നതിലൊ ഈ സാധനത്തെ സംബന്ധിച്ച മറ്റു ജോലിയിലൊ ഏൎപ്പെടുത്തിക്കൂടാ.

൪൧. എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടേയൊ പക്കൽ നിന്നു ലഭിച്ചിട്ടുള്ള വിശേഷാൽ അധികാരം ഇല്ലാതെ യാതൊരു പീടികയും സൂൎയ്യോദയത്തിനു മുമ്പെ തുറക്കുകയൊ രാത്രി ൯ മണി ആയതിൽപിന്നീടു തുറന്നു വച്ചിരിക്കുകയൊ ചെയ്തുകൂടാ.

൪൨. പീടികകളിൽ മദ്യപാനമത്തതയൊ ലഹളയൊ ചൂതൊ അനുവദിക്കരുതു. ദുൎന്നടത്തക്കാരൻ എന്നു പേരുകേട്ട യാതൊരു ആളിനേയും പീടികയിൽ വരുന്നതിനൊ പീടികകളിൽ താമസിക്കുന്നതിനൊ അനുവദിച്ചുകൂടാ. വല്ല കുററവും നടന്നിരിക്കയൊ പതിവായി കുററം

നടത്തുന്നവരൊ അതുകൂടാതെ ഉദ്യോഗസ്ഥന്മാരൊ ചെയ്യുന്ന വിവരം ലൈസൻസുകാരൻ എത്രയും അടുത്തുള്ള മജിസ്ത്രേട്ടിനെയൊ പോലീസ് സ്റ്റേഷനിലൊ അറിയിച്ചിട്ടുള്ളതൊ ഏതൊ ഒരു ഉദ്യോഗസ്ഥനൊ സാധാരണയായൊ ആയ കാര്യത്തിലേക്കായി യാതൊരു ആളിനെ തടയുകയോ യാതൊരു പീടികയിലും കയറ്റുകയോ അതിനു താമസിപ്പാൻ അനുവദിക്കയൊ ചെയ്യരുത്.

൪൨. ലൈസൻസിൽ പറഞ്ഞിരിക്കുന്ന പ്രദേശത്തിനുള്ളിൽ ഒരു സ്ഥലത്തിൽ നിന്നു മറ്റൊന്നിലേക്കു വല്ല പീടികയേയും മാറ്റുന്നതിനു അനുവദിക്കയൊ ആജ്ഞാപിക്കയൊ ചെയ്യുന്നതിനും, സമാധാനത്തിന്റെ സംരക്ഷണത്തിനൊ സദാചാരത്തിന്റെ ഗുണത്തിനൊ ആയി ആവശ്യമെന്നാൽ കാരണം കാണിക്കാതെ അങ്ങനെ വല്ല പീടികയേയും അടച്ചുകൊള്ളണം എന്നു ലൈസൻസുകാരനോടു അനുവാദം കൂടാതെ ആജ്ഞാപിക്കുന്നതിനും എക്സൈസ് കമ്മിഷണർക്കും അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർക്കും അധികാരമുള്ളതാകുന്നു.

൪൩. (എ) കമ്മാൻഡിംഗ് ഓഫീസറുടെയോ ഇതിലേക്കായി നിയമിക്കപ്പെട്ട ആളിന്റെയോ അധികൃതനായ വല്ല ആളുടെയൊ രേഖാമൂലം ആയ അനുവാദം കൂടാതെ,

(ബി) വല്ല യൂറോപ്യൻ നാൺ കമ്മിഷൻഡ് ഓഫീസർ പ്രൈവറ്റ് അല്ലെങ്കിൽ സോൾജർ ഇവർക്കും,

(സി) വല്ല യൂറോപ്യനൊ യൂറേഷ്യനൊ ആയ സേനാനുചരനും,

(ഡി) മേൽപ്പറഞ്ഞ ആളുകളിൽ വല്ലവരുടേയും കുടുംബങ്ങളിലെ അംഗമായ ഏവനും,

(ബി) താഴെ എഴുതിയിരിക്കുന്ന ആളുകൾ ഡ്യൂട്ടിയിൽ ഇരിക്കുമ്പോൾ,

(എ) യൂറോപ്യനൊ യൂറേഷ്യനൊ ആയ വല്ല സെയിലർക്കും,

(ബി) യാതൊരു ശിപായിയൊ പോലീസ് സൈന്യത്തിൽ ചേർന്ന ആൾക്കും,

(സി) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ യാതൊരു ജീവനക്കാരനും,

(ഡി) റെയിൽവെ കമ്പനിയിലെ യാതൊരു ജീവനക്കാരനും,

(സി) യാതൊരു അവസ്ഥകളിലും,

(എ) പോലീസിന്റെ ബന്തോവസ്സിൽ പോകുന്ന വല്ല യൂറോപ്യനൊ യൂറേഷ്യനൊ ആയ പുള്ളിക്കാരനും,

(ബി) ൧൪ വയസ്സിനു താഴെ ഉള്ള വല്ല കുട്ടിക്കും,

(സി) ഭ്രാന്തനായ വല്ലവനും,

അഫീനൊ കഞ്ചാവൊ മററു ലഹരി സാധനമൊ വില്ക്കുകയൊ കൊടുക്കുകയൊ ചെയ്യുകൂടാത്തതാകുന്നു.

൪൪. യൂറോപ്യൻ ശിപായിമാരൊ നാട്ടുകാരായ ശിപായിമാരൊ ചേർന്നിട്ടുള്ള ഒരു പട്ടാളമൊ അല്ലെങ്കിൽ അതിന്റെ ഒരു അംശമൊ സമീപസ്ഥലങ്ങളിൽകൂടി പോകയൊ കൂടാരം അടിച്ചിരിക്കയൊ ചെയ്തിരിക്കുമ്പോൾ ആ വഴിയിലൊ വഴി അരികെയൊ ഉള്ള കടകളെ എക്സൈസ് കമ്മിഷണരുടെ ഉത്തരംപോലെ അടപ്പിക്കാവുന്നതാകുന്നു.

൪൫. ലൈസൻസ് കൂടാതെ കൈവശം വെച്ചുകൊണ്ടിരിക്കാം എന്നു ഗവർമ്മെന്റ് വിധിച്ചിട്ടുള്ള തൂക്കം അല്ല, ഒരു തോലാക്കു കൂടുതലായി അഫീനൊ കഞ്ചാവൊ മററു ലഹരി സാധനമൊ സാധുവായ പെർമിട് കൂടാതെ ലൈസൻസ് ഉള്ള യാതൊരു സ്ഥലത്തിൽ നിന്നും ഒരു കാലത്തിൽ യാതൊരുത്തനും കടത്തിക്കൊണ്ടു പോകുന്നതിനു അനുവദിക്കപ്പെടുന്നതല്ല.

൪൬. യാതൊരു പീടികയെ എങ്കിലും ശാശ്വതമായൊ സ്ഥിരമായൊ അടയ്ക്കുന്നതിനു എക്സൈസ് കമ്മിഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരോ അധികാരപ്പെടുത്തുകയൊ ആജ്ഞാപിക്കയൊ ചെയ്തിരുന്നാൽ അല്ലാതെ ഓരോ പീടികയും ൧൦-ം ചട്ടങ്ങൾ ൩൭-ാം വകുപ്പിൽ വിധിച്ചിരിക്കുന്ന വിധം തുറന്നു വെച്ചിരിക്കേണ്ടതാകുന്നു. സ്ഥലത്തെ ആവശ്യങ്ങൾക്കു മതിയാകും എന്നു എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ വിചാരിക്കുന്നേടത്തോളം തൂക്കം അഫീനൊ കഞ്ചാവൊ മററു ലഹരി സാധനമൊ ഓരോ പീടികയിലും ഉണ്ടായിരിക്കേണ്ടതാകുന്നു. എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ നിശ്ചയിക്കുന്ന തീയതികളും തുറക്കപ്പെടാത്ത യാതൊരു പീടികയേയും ലൈസൻസ് കാരന്റെ യോഗ്യതയിന്മേൽ വീണ്ടും വില്ക്കുന്നതിനു ഇടവരുന്നതാകുന്നു.

൧൮. രൊക്കം പണത്തിനായിട്ടല്ലാതെ പീടികകളിൽ അഫീനൊ കഞ്ചാവൊ മററു ലഹരി സാധനമൊ വില്ക്കൂടാത്തതാകുന്നു.

൧൯. ഓരോ ലൈസൻസ്കാരനും അന്നന്നുനടക്കുന്ന കൊടുക്കൽ വാങ്ങൽകളുടെ സത്യമായ വിവരണം നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ മഷികൊണ്ടു ദിവസേന എഴുതി തന്റെ പീടികയിൽ വെച്ചിരിക്കേണ്ടതാകുന്നു. വാങ്ങിക്കുന്ന പെർമിട്ടുകളേയും കൊടുക്കുന്ന പെർമിട്ടുകളുടെ ഇരട്ടിപ്പിനേയും സൂക്ഷ്മമായി ഫൈൽ ചെയ്തു വെച്ചുകൊള്ളേണ്ടതാകുന്നു. പിൻകാലത്തിൽ കൊടുക്കുന്നതിലേക്കായി വേണ്ട വിവരങ്ങൾ എഴുതാതെ ഉള്ള ബ്ലാങ്ക് പെർമിട്ടുകളിൽ ഒപ്പിട്ടു വെച്ചേക്കരുതു. കണക്കുകളും പെർമിട്ടുകളും അച്ചടിച്ച പുസ്തകങ്ങളിൽ ആയിരിക്കണം. ഈ പുസ്തകങ്ങൾ വിലകൊടുത്തു എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നിന്നു വാങ്ങിക്കാവുന്നതാകുന്നു. അവയെ എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരുടേയൊ ആ വിധം പീടികകളെ പരിശോധിക്കുന്നതിനായി അധികൃതനായ വല്ല ഉദ്യോഗസ്ഥന്റേയൊ പരിശോധനത്തിനായി ഹാജരാക്കേണ്ടതാകുന്നു.

൨൦. എക്സൈസ് കമ്മിഷണർ അതാതു കാലം ആവശ്യപ്പെടാവുന്ന തവണക്കണക്കുകളും മററു വിവരങ്ങളും ഓരോ ലൈസൻസ്കാരനും അയക്കേണ്ടതാകുന്നു.

൨൧. ഇരുപതു രൂപാക്കു കുറയാതെ ശമ്പളം വാങ്ങിക്കുന്ന പൊലിസ്ഇൻസ്പെക്ടർമാരുടെ സ്ഥാനവലിപ്പം ഉള്ളേയൊ കൂടുതൽ സ്ഥാനവലിപ്പം ഉള്ളേയൊ എല്ലാ എക്സൈസ് ഉദ്യോഗസ്ഥന്മാക്കും ലൈസൻസ് ഉള്ള പീടികകളെ പരിശോധിക്കുന്നതിനും പീടികകളുടെ സമീപ സ്ഥലങ്ങളെ പരിശോധിക്കുന്നതിനും ഉപയോഗിച്ചുവരുന്ന തൂക്കങ്ങളേയും വില്ക്കുന്ന സാധനത്തേയും ശോധിക്കുന്നതിനും പീടികയിൽ വെച്ചിരിക്കുന്ന കണക്കുകളെ വരുത്തുകയും ശരി തന്നെയൊ എന്നു നോക്കുകയും ചെയ്യുന്നതിനും അധികാരം ഉള്ളതാകുന്നു.

൨൨. അഫീനൊ കഞ്ചാവൊ മററു ലഹരിസാധനമൊ കടത്തിക്കൊണ്ടു പോകയൊ വില്ക്കുകയൊ ചെയ്യുന്നതിൽ ഓരോ ലൈസൻസുകാരനാലും നിയുക്തനായ വല്ല ആളും കള്ളാൽ നിയമമൊ അഫീൻ നിയമമൊ ലംഘിച്ചു നടക്കുന്നതായ വല്ല സംഗതിയും തന്റെ അറിവിൽ പെട്ടുന്നതായാൽ ആ എല്ലാ സംഗതികളേയും അവർ ഏല്പിട്ടിരിക്കുന്ന ഓരോ ഇടവാടുകളേയും എക്സൈസ് കമ്മിഷണൎക്കൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണൎക്കൊ റിപ്പോർട്ടു ചെയ്യുന്നതിനും അങ്ങിനെയുള്ള ആളിനെ ജോലിയിൽ നിന്നു വിടുത്തണം എന്നു എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ കൊടുക്കുന്ന യാതൊരു ഉത്തരവിനേയും അനുസരിക്കുന്നതിനും ഓരോ ലൈസൻസുകാരനും നിബന്ധനായിരിക്കുന്നു.

൨൩. ലൈസെൻസിലെ വ്യവസ്ഥകളെ ലൈസൻസുകാരനാകട്ടെ, അയാളാൽ നിയമിക്കപ്പെട്ട വല്ല ആളാകട്ടെ വല്ല വിധത്തിലും ലംഘിച്ചാൽ, ലൈസൻസുകാരനു ഒന്നിലൊ,

(എ) ൨൦ രൂപാ വരെ പിഴ ശിക്ഷ ലഭിക്കുന്നതിനു ഇടയാകും. അല്ലെങ്കിൽ

(ബി) ദിവാന്റെ അനുവാദത്തോടുകൂടി, മുൻപേറായി കെട്ടിവച്ചിട്ടുള്ള പണത്തെ അയാൾ ഇളന്നുപോകേണ്ടതും, ലൈസൻസ് റദ്ദു ചെയ്യപ്പെടുന്നതും, ലൈസൻസിൻപ്രകാരം ഉള്ള അവകാശത്തെ ലൈസൻസുകാരന്റെ യോഗ്യഭാഗ്യത്തിന്മേൽ വീണ്ടും വിൽക്കയൊ മററു വിധത്തിൽ വിനിയോഗിക്കയൊ ചെയ്യുന്നതും ആകുന്നു.

(സി) അല്ലെങ്കിൽ, ലൈസൻസുകാരന്റെ യോഗ്യഭാഗ്യത്തിന്മേൽ ഗവമെണ്ടിന്റെ ഭരണത്തിൽ പീടികയെ എടുത്തുകൊള്ളുന്നതാകുന്നു.

ഈ പ്രകാരം ലൈസൻസ് റദ്ദു ചെയ്യപ്പെടുമ്പോൾ, ലൈസൻസിലെ ശിഷ്ടം കാലത്തേക്കു ബാക്കി ചെല്ലാനുള്ള കിസ്തു തുക ഉടൻ തന്നെ ചെലുത്തേണ്ടതായിവരും.

൨൪. ൧൮-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, തവണകളിൽ കുടിശികവകക്കായിട്ടൊ, ലൈസൻസുകാരന്റെ മേൽ നിശ്ചയിക്കപ്പെട്ട പിഴ ശിക്ഷകൾക്കായിട്ടൊ അയാൾ ചെലുത്താനുണ്ടായിരിക്കാവുന്ന മററു ബാധ്യതകൾക്കായിട്ടൊ, മുൻകൂറായി അടച്ചിട്ടുള്ള പണത്തിലേയൊ ജാമ്യപ്പണത്തിലേയൊ വല്ല ഭാഗത്തേയും ദിവാന്റെ അനുവാദത്തോടുകൂടി, ഏതു സമയത്തും എക്സൈസ് കമ്മിഷണർ ഗവമെണ്ടിലേക്കായി എടുത്തുകൊള്ളാവുന്നതാകുന്നു. ഇങ്ങനെ എടുത്തിട്ടുള്ളതായി അറിയിപ്പു കൊടുത്ത ദിവസം മുതൽ ൧൫ ദിവസത്തിനകം ആ സംഖ്യ കെട്ടിവെക്കുന്നതിൽ ലൈസൻസുകാരൻ വീഴ്ച വരുത്തിയാൽ, അയാൾ ലൈസൻസ് ഇളന്നുപോകുന്നതും, ഗവമെണ്ടിലേക്കു ഉണ്ടാകാവുന്ന എല്ലാ നഷ്ടത്തിനും അയാൾ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

൨൫. ഈ ചട്ടങ്ങൾ അനുസരിച്ചു ഒരു പിഴ ശിക്ഷ നിശ്ചയിച്ചിരിക്കയൊ, മുൻകൂറായി അടച്ചു പണം ഇളുന്നപോകയൊ, ലൈസൻസ് റദ്ദു ചെയ്യപ്പെടുകയൊ ചെയ്തിരിക്കുമ്പോൾ കല്ലാർ റെഗുലേഷനൊ അബ്കാരി റെഗുലേഷനൊ വിരുദ്ധം ആയി ചെയ്തിട്ടുള്ള വല്ല കുറ്റത്തിനും ആയിട്ടാകട്ടെ, ഈ ചട്ടങ്ങളെ ലംഘിച്ചതിനാകട്ടെ, പ്രൊസിക്യൂട് ചെയ്യപ്പെടുവാൻ ഇടയാകുന്നതിൽ നിന്നു ലൈസൻസുകാരനെയൊ അയാളുടെ ഏജണ്ടിനെയൊ ഒഴിവാക്കുന്നില്ല.

൨൬. കല്ലാർ റെഗുലേഷനൊ അബ്കാരി റെഗുലേഷനൊ, തൽക്കാലത്തു നടപ്പുള്ളതും പിരിവു മുതലെടുപ്പിനെ സംബന്ധിച്ചുള്ളതും ആയ മററു നിയമത്തിനൊ വിരുദ്ധമായി വല്ല കുററവും ചെയ്തിട്ടുള്ള ലൈസൻസുകാരന്റെമേൽ കുററസ്ഥാപനം ആയാൽ, അയാളുടെ ലൈസൻസ് റദ്ദു ചെയ്യപ്പെട്ടിട്ടുള്ളതായി ദിവാൻ ആജ്ഞാപിക്കാവുന്നതാകുന്നു. ക്രിമിനൽ പ്രകാരം ലൈസൻസുകാരന്റെമേൽ കുററസ്ഥാപനം ആയിരിക്കയും, ആ കുററസ്ഥാപനം ആയ കുററം ലൈസൻസുകാരനെ ലൈസൻസ് വച്ചുകൊള്ളുന്നതിലേക്കു അയോഗ്യനാക്കുന്നതാണെന്നു ദിവാന്നു അഭിപ്രായം ആയിരിക്കയും ചെയ്താൽ ലൈസൻസുകാരന്റെ ലൈസൻസിനെ ഇല്ലായ്മചെയ്യുന്നതിനു ആ കുററസ്ഥാപനം ഇടയാക്കുന്നതാണ്. ഈ വകുപ്പിൻപ്രകാരം ഒരു ലൈസൻസ് ഇല്ലാതെയാകുമ്പോൾ, ലൈസൻസുകാരന്റെ യോഗ്യതയുള്ള ജാമ്യത്തിന്മേൽ പിന്നീട് വീണ്ടും വില്ക്കയൊ മററു വിധത്തിൽ വിനിയോഗിക്കയൊ ചെയ്യുന്നതാകുന്നു.

൨൭. ലൈസൻസുകാരനും, എക്സൈസ് ഡിപാർട്മെന്റിലെ ഉദ്യോഗസ്ഥന്മാരും തമ്മിൽ പണമിടപെട്ട യാതൊരുവിധത്തിൽ ഉള്ള ഇടപാടും ചെയ്യുപോകരുതെന്നു ഖണ്ഡിതമായി വിരോധിച്ചിരിക്കുന്നു.

൨൮. ദിവാന്റെ അനുവാദത്തോടുകൂടി ൧൫ ദിവസത്തെ മുന്നറിയിപ്പു കൊടുത്തതിന്മേൽ, എക്സൈസ് കമിഷണർ ലൈസൻസിനെ റദ്ദു ചെയ്യാവുന്നതാകുന്നു. അങ്ങനെ റദ്ദു ചെയ്യുന്നതായാൽ ലൈസൻസുകാരൻ കൊടുത്തിരുന്ന ഫീസിൽ അനുരൂപം ആയ ഒരു ഭാഗമൊ, അയാളിൽ നിന്നു വല്ല സംഖ്യയും ഈടാക്കേണ്ടതായുണ്ടെങ്കിൽ ആ സംഖ്യയെ കുറച്ചിട്ടു മുൻകൂറായി അടച്ചിട്ടുള്ള പണത്തിൽ ബാക്കിയുള്ള തുകയൊ അയാൾക്കു തിരിയെ കൊടുക്കുന്നതാകുന്നു.

൨൯. എക്സൈസ് കമിഷണരൊ കമിഷണരാൽ അധികൃതനായ വല്ല ഉദ്യോഗസ്ഥനൊ ആവശ്യപ്പെടുമ്പോൾ, ഭേദപ്പെടുത്തുന്നതിനായാലും, പുതുക്കുന്നതിനായാലും, ഓരോ ലൈസൻസുകാരനും ലൈസൻസിനെ കൊടുക്കേണ്ടതാണ്.

൩൦. പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ ഒഴികെ അസിസ്റ്റണ്ട എക്സൈസ് കമിഷണരെക്കാൾ സ്ഥാനവലിപ്പം കുറഞ്ഞ എക്സൈസ് ഡിപാർട്ടുമെന്റിലെ വല്ല ഉദ്യോഗസ്ഥനാലും, ഈ ചട്ടങ്ങൾ അനുസരിച്ചു നടപ്പാക്കപ്പെടുന്ന ഓരോ ഉത്തരവിന്മേലും, അസിസ്റ്റണ്ട് എക്സൈസ് കമിഷണർക്കു അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. അസിസ്റ്റണ്ട് എക്സൈസ് കമിഷണർ നടപ്പാക്കുന്ന ഓരോ ഉത്തരവിന്മേലും എക്സൈസ് കമിഷണർക്കു അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. എക്സൈസ് കമിഷണർ നടപ്പാക്കുന്ന ഏതു ഉത്തരവിന്മേലും ദിവാന്റെ ഹജൂരിൽ ബോധിപ്പിക്കാവുന്നതാകുന്നു.

വിശേഷാൽ വ്യവസ്ഥകൾ.

൩൧. പിടിക്കാക്കു അയക്കുന്നതിനാകട്ടെ, താൻ തന്നെ വില്ക്കുന്നതിനാകട്ടെ, സർക്കാർ ആഫീസിൽ നിന്നു ശേർ ഒന്നിനു ൧൨ ശ്രീപാ ൮ അണ വിലക്കു ഒരു തവണയിൽ ഒരു ശേരിൽ കുറയാതെ അഫീം, ശേർ ഒന്നിനു ൯ ശ്രീപാ ൫ അണ വിലക്കു, ഒരു തവണയിൽ ഒരു ശേരിൽ കുറയാതെ കഞ്ചാവും വിലക്കു വാങ്ങിക്കൊള്ളുന്നതിനും, എക്സൈസ് കമിഷണരൊ അസിസ്റ്റണ്ട് എക്സൈസ് കമിഷണരൊ ഇത്ര എന്നു നിശ്ചയിക്കുന്നതായ ഒരു തുകക്കു കുറയാതെ എപ്പോഴും കൈയിലിരിക്കത്തക്ക വിധത്തിൽ കരുതി വച്ചുകൊള്ളുന്നതിനും ലൈസൻസുകാരൻ ബാധ്യപ്പെട്ടിരിക്കുന്നതും, വേറെ വിധത്തിൽ ലഭിച്ച അഫീനൊ കഞ്ചാവൊ ലൈസൻസുകാരന്റെ സ്വന്തം കൈവശത്തിൽ ആകട്ടെ അയാളാൽ നിയമിക്കപ്പെട്ട ആളുടേയൊ അയാളുടെ കീഴിൽ നിയമിക്കപ്പെട്ട ആളുടേയൊ കൈവശത്തിൽ ആകട്ടെ, ഉണ്ടായിരിക്കാൻ പാടില്ലാത്തതും ആകുന്നു. ഇതുകളുടെ വിലയിൽ ഗവമ്മെണ്ട് അതതു കാലം പരസ്യപ്പെടുത്താവുന്ന വല്ല ഭേദഗതികളും അനുസരിച്ചു നടന്നുകൊള്ളുന്നതിനു ലൈസൻസുകാരൻ ബാധ്യപ്പെട്ടിരിക്കയും ചെയ്യും.

കുറിപ്പു—ഒരു ശേർ എന്നതു ൮൦ തോലാ അല്ലെങ്കിൽ ൮൦ ബ്രിട്ടീഷു ശ്രീപാ തൂക്കത്തിനു തുല്യം ആകുന്നു.

൩൫. ഗവൎമ്മെണ്ട് സ്ഥാപനങ്ങളുടെ വകക്കായി അഫീനും കഞ്ചാവും സൎക്കിൾ ആഫീസുകളിൽ നിന്നൊ സെണ്ട്രൽ ഡെപ്പോവിൽ നിന്നൊ ഗവൎമ്മെണ്ട് വാങ്ങിക്കുന്നതിനു ആക്ഷേപം പറയാൻ ലൈസൻസുകാരനു അവകാശം ഉണ്ടായിരിക്കുന്നതല്ല.

൩൬. കടയിലൊ കടക്കു സമീപത്തൊ പുക. വലിക്കയൊ അഫീൻ ആകട്ടെ, കഞ്ചാവാകട്ടെ കൊണ്ടുണ്ടാക്കിയ മററു സാധനങ്ങൾ ആകട്ടെ, ഭക്ഷിക്കയൊ ചെയ്യുന്നതിന്നു ലൈസൻസുകാരൻ യാതൊരുസമയത്തും അനുവദിക്കരുതു.

൩൭. അഫീനും കഞ്ചാവും സംബന്ധിച്ചു അതതു കാലത്തു ഗവൎമ്മെണ്ട് നടപ്പാക്കാവുന്ന ഏതു ചട്ടങ്ങളേയും ലൈസൻസുകാരൻ അനുവൎത്തിക്കേണ്ടതാകുന്നു.

൩൮. ലൈസൻസുകാരനു തനിക്കു ബോധിച്ച പീടികക്കാരെ വച്ചുകൊള്ളുന്നതിനു സ്വാതന്ത്ര്യം ഉണ്ടു. അയാളുടെ ലൈസൻസിലെ അതിൎത്തിക്കകത്തു എത്ര കടകൾ ആവശ്യം ഉള്ളതായി എക്സൈസ് കമിഷണരൊ അസിസ്റ്റണ്ട് എക്സൈസ് കമിഷണരൊ വിചാരിക്കുന്നുവൊ അത്രയും കടകൾ വച്ചുകൊള്ളുന്നതിലേക്കു അനുവദിക്കുന്നതാകുന്നു; എന്നാൽ കടകൾ വച്ചിരിക്കുന്നതിലേക്കുള്ള സ്ഥലങ്ങൾ എക്സൈസ് കമിഷണരാലൊ അസിസ്റ്റണ്ട് എക്സൈസ് കമിഷണരാലൊ അനുമതിക്കപ്പെട്ടവയായിരിക്കണം.

എസ്. ഗോപാലാചാൎയ്യർ,
ദിവാൻ.

൧൦൮൩-ാമാണ്ടത്തേക്കും ൧൦൮൪-ാമാണ്ടത്തേക്കും ആഫീമും കഞ്ചാവും വില്ക്കുന്നതിനുള്ള അവകാശത്തെ ലേലം വിളിക്കുന്ന തീയതിയും സ്ഥലവും കാണിക്കുന്ന ലിസ്റ്റ്

നമ്പർ	താലൂക്കിന്റെ പേർ	൧൦൮൨-ൽ ലേലത്തിൽ വിളിച്ചെട്ട തുക	ലേലം വിളിക്കുന്ന സ്ഥലം	ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ	ലേലം തീയതി
൧	തോവാളയും ...	൫൨൦	നാഗർകോവിൽ അസിസ്റ്റന്റ എക്സൈസ കമ്മിഷണർ ആഫീസ	തെക്കൻഡിവിഷൻ അസിസ്റ്റന്റ എക്സൈസകമ്മിഷണർ	൧൦൮൨ മിഥുനം ൧൭
൨	അഗസ്തീശ്വരവും ...	൨൬൫൦			
൩	ഇരണിയലും ...	൮൫൦	കൽക്കുളം താലൂക്കകച്ചേരി	ടി	ടി ൧൮
൪	കൽക്കുളവും ...	൭൫൦			
൫	വിളവങ്കോട ...	൮൩൦	താലൂക്കകച്ചേരി	ടി	ടി ൧൯
൬	നെയ്യാറ്റിൻകര ...	൨൦൧൫	ടി	ടി	ടി ൨൦
൭	തിരുവനന്തപുരം ...	൪൧൭൫	എക്സൈസ സർക്കിൾ ആഫീസ	ടി	ടി ൨൧
൮	നെടുമങ്ങാട ...	൧൧൭൦	താലൂക്കകച്ചേരി	ടി	ടി ൨൨
൯	ചിറയിൻകീഴ ...	൧൬൩൫	ടി	ടി	ടി ൨൩
൧൦	കൊല്ലം ...	൩൭൫൦	കൊല്ലം അസിസ്റ്റന്റ എക്സൈസകമ്മീഷണർ ആഫീസ	സെൻട്രൽ ഡിവിഷൻ അസിസ്റ്റന്റ എക്സൈസകമ്മീഷണർ	ടി ൧൭
൧൧	കൊട്ടാരക്കരയും ...	൧൮൨൦	കൊട്ടാരക്കര താലൂക്കകച്ചേരി	ടി	ടി ൧൮
൧൨	പത്തനാപുരവും ...	൮൭൦			
൧൩	ചെങ്കോട്ട ...	൩൦൦	ചെങ്കോട്ട താലൂക്കകച്ചേരി	ടി	ടി ൧൯
൧൪	കുന്നത്തൂർ ...	൧൨൦൦	കുന്നത്തൂർ ടി	ടി	ടി ൨൧
൧൫	കരുനാഗപ്പള്ളിയും ...	൨൪൫൦	കായംകുളം മജിസ്ട്രേട്ട കച്ചേരി	ടി	ടി ൨൨
൧൬	കാർത്തികപ്പള്ളിയും ...	൩൦൦൦			
൧൭	മാവേലിക്കരയും ...	൨൭൨൫	തിരുവല്ലാ താലൂക്കകച്ചേരി	ടി	ടി ൨൪
൧൮	ചെങ്ങന്നൂരും ...	൨൪൦൧			
൧൯	തിരുവല്ലായും ...	൪൦൫൦			
൨൦	അമ്പലപ്പുഴയും ...	൪൧൫൦	ആലപ്പുഴ അസിസ്റ്റന്റ എക്സൈസകമ്മിഷണർ ആഫീസ	ആലപ്പുഴ അസിസ്റ്റന്റ എക്സൈസകമ്മിഷണർ	ടി ൧൮
൨൧	ചേർത്തലയും ...	൧൮൫൦			
൨൨	പറവൂർ ...	൧൬൦൦	താലൂക്കകച്ചേരി	വടക്കൻ ഡിവിഷൻ അസിസ്റ്റന്റ എക്സൈസ കമ്മിഷണർ	ടി ൧൭
൨൩	കുന്നത്തുനാടും ...	൧൫൨൦	ആലുവാ എക്സൈസ സർക്കിൾ ആഫീസ	ടി	ടി ൧൮
൨൪	ആലങ്ങാടും ...	൧൫൮൦			
൨൫	മൂവാറ്റുപുഴയും ...	൫൫൦	മൂവാറ്റുപുഴ താലൂക്കകച്ചേരി	ടി	ടി ൨൦
൨൬	തൊടുപുഴയും ...	൧൬൭			
൨൭	ഏറ്റുമാനൂരും ...	൧൩൩൦	ഏറ്റുമാനൂർ ടി	ടി	ടി ൨൧
൨൮	മീനച്ചിലും ...	൧൭൦൦			
൨൯	കോട്ടയം ...	൨൭൧൦	കോട്ടയം താലൂക്കകച്ചേരി	ടി	ടി ൨൨
൩൦	ചങ്ങനാശേരി ...	൨൦൩൫	ചങ്ങനാശേരി ടി	ടി	ടി ൨൩
൩൧	വൈക്കം ...	൧൭൧൦	വൈക്കം താലൂക്കകച്ചേരി	ടി	ടി ൨൪
൩൨	പീരുമേട ...	[illegible]	ഏലമല അസിസ്റ്റന്റ സൂപ്രണ്ടിന്റെ ആഫീസ	ഏലമല സൂപ്രണ്ടിന്റെ അസിസ്റ്റന്റ	ടി ൧൮
൩൩	[illegible] ഒഴികെ ഹൈറേഞ്ചു ...	[illegible]	ദേവികുളം ഏലമല സൂപ്രണ്ടിന്റെ ആഫീസ	ഏലമല ഡിസ്ട്രിക്ട മജിസ്ട്രേട്ടും സൂപ്രണ്ടും	ടി ൨൦

കലാൽ പരസ്യം.

വൃക്ഷക്കരം ഏൎപ്പാട് അനുസരിച്ചു തിരുവനന്തപുരം പട്ടണത്തിൽ സ്വാതന്ത്ര്യങ്ങൾ ആയ കടകളിൽ കള്ളു വില്ക്കുന്നതിലേക്കുള്ള അവകാശത്തെ ലേലത്തിൽ വില്ക്കുന്നതു സംബന്ധിച്ചുള്ള പരസ്യം.

ഇതിനാൽ പരസ്യം ചെയ്യുന്നതു എന്തെന്നാൽ ൧൦൮൩ ചിങ്ങം ൧-നു മുതൽ ൧൦൮൩ കർക്കടകം ൩൧-നു വരെയുള്ള ൧൨ മാസങ്ങളിൽ തിരുവനന്തപുരം പട്ടണത്തിൽ കള്ളു വില്ക്കുന്നതിലേക്കുള്ള സ്വാതന്ത്ര്യങ്ങൾ ആയ കടകളുടെ എണ്ണത്തേയും ഓരോ കടക്കും വില്പാൻ അവകാശം ഉള്ള സ്ഥലാതിർത്തി വിവരത്തേയും ഇതിനോടുകൂടി ചേർത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിട്ടുള്ളപ്രകാരം നിശ്ചയിച്ചിരിക്കുന്ന ൯-ം കടകൾ ഓരോന്നിലും കള്ളു വില്ക്കുന്നതിലേക്കുള്ള അവകാശത്തെ ൧൦൮൨ മിഥുനം ൧൯-ക്കു ൧൯൦൭ ജൂലൈ ൩-നു ബുധനാഴ്ച പകൽ ഒരു മണിക്കു ദിവാൻ തിരുവനന്തപുരം ഹജൂർക്കച്ചേരിയിൽ വച്ചു ലേലത്തിൽ വില്ക്കുന്നതാകുന്നു.

വില്പന മുതലായവയ്ക്കുള്ള പൊതു വ്യവസ്ഥകൾ.

൧. ഈ സ്വാതന്ത്ര്യത്തിനുള്ള ലേലവില്പനയിൽ വിളികേൾക്കുന്നതിനു ഉദ്ദേശിക്കുന്ന ആളുകൾ ഇതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളേയും ചട്ടങ്ങളേയും ശാസനങ്ങളേയും അനുസരിച്ചു നടക്കുന്നതിനു സന്നദ്ധന്മാരായിരിക്കേണ്ടതാകുന്നു.

൨. ലേലം വിളികേൾക്കാൻ നിശ്ചയിക്കുന്ന ഓരോ ആളും താൻ വിളികേൾക്കാൻ നിശ്ചയിക്കുന്ന ഓരോ പീടികക്കും ൧൦ രൂപാ വീതം നിരതദ്രവ്യം ലേലത്തിനു ൩ പൂൎണ്ണദിവസങ്ങൾക്കു കുറയാതെ മുമ്പായി എത്രയും അടുത്ത താലൂക്കു ഖജനാവിൽ ഒടുക്കി അതിലേക്കുള്ള രസീതു ലേലവില്പന സമയത്തു ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. മേൽപറഞ്ഞ കാലത്തിനു മുമ്പായിട്ടു നിരതദ്രവ്യത്തെ ഒടുക്കിയില്ലെന്നുവരികിൽ പിന്നീടു ഒടുക്കുന്ന നിരതദ്രവ്യത്തെ വാങ്ങിക്കുകയൊ സമ്മതിക്കുകയൊ ചെയ്യുന്നതല്ലെന്നു വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

൩. ലേലം വിളികേൾക്കാൻ ഉദ്ദേശിക്കുന്ന ഓരോരുത്തനും മേൽപറഞ്ഞതായ നിരതദ്രവ്യം വകക്കുള്ള രസീതിനു പുറമെ താഴെ എഴുതിയിരിക്കുന്ന ൨ സൎട്ടിഫിക്കെറ്റുകൾകൂടി ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. (൧) തലേ ആണ്ടിൽ പീടിക മുതലായവകൾക്കുള്ള കുത്തകത്തുകയുടെ ഇരട്ടി തുകക്കു കുറയാതെ വിലപിടിക്കുന്ന സ്ഥാവരവസ്തുക്കൾക്കു താൻ ഉടമസ്ഥൻ ആണെന്നും അവയെ താനു അനുഭവിച്ചു വരുന്നു എന്നും അവയെ വിനിയോഗിക്കുന്നതിനുള്ള അധികാരം തനിക്കു ഉണ്ടെന്നും ഉള്ള വിവരത്തിനു അയാൾ ഏതു താലൂക്കിൽ പാൎക്കുകയൊ ഈ വസ്തു അനുഭവിക്കയൊ ചെയ്യുന്നുവോ ആ താലൂക്കിലെ തഹശീൽദാരുടെ സൎട്ടിഫിക്കെറ്റു, (൨) ആ വസ്തു യാതൊരു കടം ബാദ്ധ്യതക്കും ഉൾപ്പെട്ടിട്ടുള്ളതല്ലാ എന്നുള്ള വിവരത്തിനു ഏതു രെജിസ്ത്രേഷൻ ആഫീസരുടെ അധികാരസ്ഥലത്തിനകത്തു വസ്തു കിടക്കുന്നുവോ ആ ആഫീസർ കൊടുക്കുന്ന സൎട്ടിഫിക്കെറ്റും.

൪. ലേലം വിളികേൾക്കാൻ നിശ്ചയിക്കുന്ന ഓരോ ആളും അയാൾ തനിക്കുവേണ്ടിയൊ തന്റെ കുടുംബത്തിലേക്കോ തന്റെ (ഷെറം) വൎത്തക സംഘത്തിലേക്കോ വേണ്ടിയോ ലേലം വിളികേൾക്കുന്നു എന്നുള്ള വിവരത്തിനു രേഖാമൂലമായ ഒരു പ്രതിജ്ഞാപത്രം ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാക്കേണ്ടതാകുന്നു. അയാളുടെ കുടുംബത്തിലേക്കോ വൎത്തക സംഘത്തിലേക്കോ വേണ്ടി വിളികേൾക്കുകയാണെങ്കിൽ ആ കുടുംബത്തിലെയൊ വൎത്തകസംഘത്തിലെയൊ ആണുങ്ങൾ ആയും പെണ്ണുങ്ങൾ ആയും ഉള്ള പ്രായംചെന്ന മറ്റു അംഗങ്ങളുടേയും ഇതിലേക്കുള്ള രേഖാമൂലം ആയ സമ്മതം തഹശീൽദാരേയൊ മാജിസ്ത്രേട്ടിനേയോ എക്സൈസ് ഇൻസ്പെക്ടരേയൊ പാൎവ്വത്യകാരനേയൊകൊണ്ടു സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതും ആകുന്നു.

൫. ഒരാൾ മറ്റു ഒരാൾക്കു വേണ്ടി ഏജൻ്റായി ലേലം വിളികേൾക്കുമ്പോൾ ക്രമപ്രകാരം അധികൃതമായ മുക്ത്യാർനാമാ അയാൾ ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കിയാൽ അല്ലാതെ അയാളെ അനുവദിക്കുന്നതല്ലാ.

൬. ലേലവില്പന നടത്തുന്നതിനെക്കുറിച്ചു നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയത്തും സ്ഥലത്തും വില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പനയ്ക്കുള്ള പരസ്യത്തെ വായിപ്പിക്കേണ്ടതും ഈ ചട്ടങ്ങൾ അനുസരിച്ച് അവശ്യമുള്ള വ്യവസ്ഥകൾ എല്ലാം പൂർത്തിയായി നടത്തിയിട്ടുണ്ടെന്ന് തൽക്കാലത്തേക്ക് ഉത്തരവാദിയായി നിയുക്തനായ ഒരു ഉദ്യോഗസ്ഥൻ ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതും ആകുന്നു.

൭. ലേലത്തിൽ വിളിക്കാൻ നിശ്ചയിക്കുന്ന ആളിനെയും താഴെ വിവരിക്കുന്ന കാരണങ്ങളിന്മേൽ അങ്ങിനെ വിളിക്കുന്നതിൽ ഉൾപ്പെടുത്താതിരിക്കുന്നതിനു ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥനു അധികാരം ഉണ്ടു —

(ക) തിരുവിതാംകോട്ടു ശിക്ഷാനിയമം അനുസരിച്ചുള്ളതും സദാചാരഭ്രഷ്ടത അടങ്ങിയതും ആയ ഒരു കുറ്റത്തിനോ കുറ്റങ്ങൾക്കോ ആയി ഒരു ക്രിമിനൽ കോട്ടിനാൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുന്ന ആൾ ആണെന്നോ,

(ഖ) ഉപ്പ്, പുകയില, കള്ള്, അഫീൻ, കഞ്ചാവ്, ചരസ്സ്, മുതലായ പിരിവുകൾ മുതലെടുപ്പിനെ സംബന്ധിച്ചുള്ള നിയമങ്ങൾ അനുസരിച്ചുള്ള യാതൊരു ഗൗരവപ്പെട്ട കുറ്റവും അയാളുടെമേൽ കുറ്റസ്ഥാപനമായിട്ടുണ്ടെന്നോ,

(ഗ) കള്ള് വകയിലോ അഫീൻ വകയിലോ ഉള്ള മുതലെടുപ്പിനെ സംബന്ധിച്ചു ഗവർമ്മെന്റിലേക്കു അയാൾ പതിവായി കുടിശ്ശിക വരുത്തുന്നുണ്ടെന്നോ,

(ഘ) അയാൾ മുമ്പുള്ള ഒരു കുത്തകകാലത്തു വീഴ്ചക്കാരനായി തീർന്നിട്ടുണ്ടെന്നോ ഇപ്പോൾ അധികമായ കുടിശ്ശിക തീർക്കാനുണ്ടെന്നോ,

(ങ) മുൻ ഒരു കുത്തക കാലത്തു കുത്തകക്കാരനായോ അയാളുടെ ഏജന്റായോ ലൈസൻസിലെ വ്യവസ്ഥകളെ ലംഘിച്ചിട്ടുണ്ടായിരുന്നു എന്നോ

(ച) അയാൾ ഗവർമ്മെന്റിന്റെ താഴെ ഉദ്യോഗമായി ജീവനത്തിൽ ഇരിക്കുന്ന സർക്കാർ ജീവനക്കാരനാകുന്നു എന്നോ,

(ഛ) അല്ലെങ്കിൽ അയാൾ നല്ല പേരുള്ള ആൾ അല്ലെന്നോ.

൮. ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥൻ അതിനുള്ള ഓരോ ഇനത്തെയും വില്പന പരസ്യത്തിൽ അവയെ എഴുതിയിരിക്കുന്ന ക്രമത്തിനു പ്രത്യേകം പ്രത്യേകം ആയി ലേലം ചെയ്യേണ്ടതാകുന്നു. എന്നാൽ ഇതിനു വിപരീതമായി ലേലം ചെയ്യുന്നതിനു മതിയായ കാരണവും ഉണ്ടായിരുന്നാൽ അങ്ങിനെയും ചെയ്യാം.

൯. ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പന പരസ്യത്തിൽ തല അവസരത്തേക്കുള്ള കുത്തക തുകയായി വിവരിച്ചിരിക്കുന്ന തുകയെ അല്പത്തെ വിലയായി നിയമേന വിളിച്ചു തുടങ്ങേണ്ടതാകുന്നു.

൧൦. ശരിയായ ഇടക്കാലത്തോ തേർയായോ ഉള്ള മത്സരം ലേലം വിളിക്കുന്നതിൽ ഉണ്ടായിട്ടില്ലെന്നു ലേലം നടത്തുന്ന ഉദ്യോഗസ്ഥനു ബോദ്ധ്യം വന്നാൽ ആ ലേലത്തെ പൂർത്തിയാക്കാതെ പിറ്റെ ദിവസം ഒരു കല്പപ്പെട്ടുമായ സമയത്തു ആ ലേലം നടത്തുന്നതാണെന്നുള്ള വിവരം പരസ്യമായി അറിയപ്പെടുത്തി അങ്ങിനെ മാറ്റി വെക്കുന്നതിനു ആ ഉദ്യോഗസ്ഥനു അധികാരമുണ്ട്.

൧൧. ദിവാൻജി അല്ലാത്ത ഒരു ഉദ്യോഗസ്ഥൻ നടത്തുന്ന യാതൊരു ലേലവില്പനയും ദിവാൻജി സ്ഥിരപ്പെടുത്തിയാൽ അല്ലാതെ തീർച്ചയാകുന്നതല്ല.

൧൨. ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ഏതു ഏതു ഇനങ്ങൾക്കു ലേലം നടത്തി എന്നും ലേലത്തിൽ വിളി കേട്ടവരുടെ പേരുകളും, അവർ വിളികേട്ട ഓരോ ഇനത്തിലേക്കുള്ള തുകയും ലേലം കൊടുവനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ആളുടെ പേരും കാണിച്ചു ഒരു പൂർണ്ണമായ വില്പന ലിസ്റ്റ് ലേല അവസാനത്തിൽ തയാറാക്കേണ്ടതാകുന്നു. ഈ ലിസ്റ്റിനെ ലേലം നടത്തുന്ന ഉദ്യോഗസ്ഥനും ലേലത്തിൽകൊണ്ട ആളും ലേല സ്ഥലത്തുവെച്ചു തന്നെ നിയമേന ഒപ്പിട്ടു തീർച്ചി വെക്കേണ്ടതാകുന്നു.

൧൩. ലേല സ്ഥലത്തും ലേല സമയത്തും വല്ല തർക്കവും ഉണ്ടായാൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീർച്ച അവസാന തീർച്ചയായി ഇരിക്കുന്നതാകുന്നു. വല്ല കാരണത്തിന്മേലും വിളികേട്ടതായ ഏറ്റവും കൂടിയ തുകയെ ഉപേക്ഷിക്കേണ്ടി വരുമ്പോൾ അവശ്യം എന്നു കാണുംപോലെ അതിനു അടുത്ത കൂടുതൽ തുകയെ സ്വീകരിക്കയോ ലേലത്തെ പിന്നെയും നടത്തുകയോ ചെയ്യാവുന്നതാകുന്നു.

൧൪. ലേലം കൊണ്ടവനായി നിശ്ചയിക്കപ്പെടുന്ന ആൾ ആ ദിവസം ഉടൻ തന്നെയൊ ആ ദിവസം അവസാനിക്കുന്നതിനു മുമ്പിലോ മുൻ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യത്തിനു പുറമേ ഒരു മാസത്തെ കിസ്തിനുള്ള തുക കൂടൻ കെട്ടിവെക്കേണ്ടതാകുന്നു. ഇങ്ങിനെ കെട്ടിവെക്കുന്നതു പണമായിട്ടോ ഇൻഡ്യാ ഗവൎമ്മെണ്ടിലെ പ്രാമിസറി നോട്ടുകളായിട്ടോ സേവിങ്ങ്സ് ബാങ്കിൽ അടച്ചിട്ടുള്ള പണത്തെ (നിക്ഷേപദ്രവ്യത്തെ) ദിവാൻെറ പേൎക്കു ക്രമപ്രകാരം എൻഡാൎസ് ചെയ്തിട്ടോ ആകാവുന്നതാകുന്നു. അയാൾ അങ്ങിനെ ചെയ്യില്ലെങ്കിൽ മുൻ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യത്തെ ഗവൎമ്മെണ്ടിലേക്കായി പിടിച്ചു അടക്കുകയും ആ ഇനത്തെ ഉടൻ തന്നെയൊ മേലാൽ പരസ്യപ്പെടുത്തുന്ന ഭാവിയായ ഒരു ദിവസത്തിലൊ ലേലത്തിൽ വില്ക്കുകയും ചെയ്യുന്നതാകുന്നു. ഇങ്ങിനെ വീഴ്ച വരുത്തിയവനെ ഇതിനുശേഷം തന്നെയോ ആ ആണ്ടിൽ മറ്റുവല്ല ഇനത്തിലേക്കോ വിളി കേൾക്കുന്നതിനു അനുവദിക്കുന്നതല്ല.

൧൫. ഓരോ ഇനത്തിലേക്കും ഉള്ള ലേലവില്പനയ സ്ഥിരപ്പെടുത്തീട്ടുള്ള വിവരം കഴിയുന്നിടത്തോളം വേഗത്തിൽ രേഖാമൂലമായി ലേലത്തിൽ കൊണ്ടവനെ തെരിയപ്പെടുത്തേണ്ടതാകുന്നു.

൧൬. ലേലത്തിൽ കൊണ്ടവൻ മുമ്പു കെട്ടിവെച്ചിട്ടുള്ള തുകകളോടു കൂട്ടിയാൽ മൂന്നു തവണക്കുള്ള കിസ്തിൻെറ തുകയായി വരുന്നതിനു വേണ്ട പണം ലേലം സ്ഥിരപ്പെടുത്തിയിരിക്കുന്ന വിവരം അയാളെ തെരിയപ്പെടുത്തിയ തീയതി മുതൽ പത്തു ദിവസത്തിനകം അയാൾ കെട്ടിവെക്കേണ്ടതും ൯-ാം ഒടുവിൽ പറഞ്ഞ തുക കെട്ടിവച്ച തീയതി മുതൽ പത്തു ദിവസത്തിനകം ആവശ്യം ഉള്ള ഉടമ്പടി എഴുതികൊടുക്കുകയും ആവശ്യം ഉള്ള ലൈസൻസ് വാങ്ങിക്കൊള്ളുകയും ചെയ്യേണ്ടതും ആകുന്നു. അങ്ങിനെ വേണ്ട കൂടുതൽ തുക കെട്ടിവെക്കയൊ ഉടമ്പടി എഴുതി കൊടുക്കയൊ ചെയ്യാതിരിക്കുന്നതു ൯-ാം ചട്ടത്തിൽ ൧൩-ം വകുപ്പനുസരിച്ചു ഉള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു. ഉടമ്പടി എഴുതി കൊടുക്കുംമുമ്പെ ലേലത്തിൽ കൊണ്ടവൻ മരിക്കുന്നതായാൽ മരിച്ചവൻെറ അവകാശികളെക്കൊണ്ടു ഉടമ്പടി എഴുതി വാങ്ങിക്കേണ്ടാ എന്നു ദിവാൻ നിശ്ചയിക്കുന്നില്ലെങ്കിൽ അവരുടെ പക്കൽ നിന്നു തന്നെ ഉടമ്പടി എഴുതി വാങ്ങിക്കേണ്ടതാകുന്നു.

൧൭. ലേലത്തിൽ കൊണ്ടവൻെറ പക്കൽ നിന്നു ജാമ്യം വാങ്ങിക്കേണ്ടതു ആവശ്യം ആണെന്നു വല്ല ദശയിലും കാണുന്നതായാൽ അയാൾ ഒടുക്കേണ്ടതായ മൂന്നു തവണകൾക്കുള്ള കിസ്തുകളിൽ കവിയാത്ത ഒരു തുക ജാമ്യമായി ഒടുക്കേണ്ടതാണെന്നു ദിവാൻ അയാളോടു ആവശ്യപ്പെടാവുന്നതാകുന്നു. അപ്രകാരം ഉള്ള ജാമ്യം അനുവദിച്ചിട്ടുള്ള കാലത്തിനകം ഒടുക്കുന്നതിനു വീഴ്ച വരുത്തുന്നതു ൯-ാം ചട്ടത്തിൽ ൧൩-ം വകുപ്പനുസരിച്ചുള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു.

൧൮. വീണ്ടും ലേലം ചെയ്യേണ്ടതായി വരുന്ന യാതൊരു സംഗതിയിലും ആദ്യത്തെ വില്പനക്കുള്ള മാതിരിയിലും കാലസംഖ്യക്കും പുതുതായി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

൧൯. ലേലത്തിൽകൊണ്ട ഏതു ആളുടെ വീഴ്ച നിമിത്തം വീണ്ടും ലേലത്തിൽ വില്ക്കുന്നതിനു ഇടയായൊ ആ ഓരോ ആളും വീണ്ടും ലേലം ചെയ്യുന്നതിൽ പണത്തിൽ വല്ല കുറവും ഉണ്ടെങ്കിൽ അതു ഉൾപ്പെടെ വീണ്ടും ലേലം നിമിത്തമായി ഗവൎമ്മെണ്ടിനു ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിയായി ഇരിക്കേണ്ടതാകുന്നു. എന്നാൽ വീണ്ടും ലേലത്തിൽ വില്ക്കുന്നതിനാൽ ഉണ്ടാകുന്ന യാതൊരു ലാഭത്തിനും അയാൾക്കു അവകാശവും ഇല്ല.

൨൦. അങ്ങിനെയുള്ള ഉത്തരവാദിത്വത്തിലേക്കായി അയാൾ കെട്ടിവെച്ചിട്ടുള്ളതോ അയാൾക്കു ചെല്ലേണ്ടതായി ഗവൎമ്മെണ്ടിൽ നില്പുള്ളതോ ആയ ഏതു തുകയേയും ആദ്യമായി ഉപയോഗിക്കുന്നതാകുന്നു. എന്നിട്ടും വല്ല ബാക്കിയും അയാളുടെ പക്കൽ ഈടാകാൻ ഉണ്ടായിരുന്നാൽ അതിനെ കരക്കുടിശ്ശിക പോലെ അയാളുടെ പക്കൽ നിന്നു ഈടാക്കാവുന്നതാകുന്നു.

൨൧. ൯-ാം ചട്ടത്തിൽ ൧൩-ം വകുപ്പും ൧൬-ം വകുപ്പും അനുസരിച്ചു ഒടുക്കീട്ടുള്ള ഡെപ്പോസിട്ടുകളെ സൎക്കാരിലേക്കു ഒടുക്കീട്ടില്ലെന്നു വരികിൽ ആ ഡെപ്പോസിട്ടുകളേയും ൧൭-ം വകുപ്പു അനുസരിച്ചുള്ള ജാമ്യ തുകയേയും ലൈസൻസിലെ വ്യവസ്ഥകളെ ശരിയായി നടത്തുന്നതിലേക്കുള്ള ഉറപ്പിനു വേണ്ട ബാധ്യതയായി വെച്ചിരിക്കുന്നതാകുന്നു.

൨൨. വീഴ്ച നിമിത്തമോ ജോലി നടത്തൽ നിറുത്തിയതു നിമിത്തമോ ൯-ാം സ്വാതന്ത്ര്യാവകാശത്തെ വീണ്ടും വിൽക്കേണ്ടി വരുന്ന സംഗതിയിൽ പുതുതായി ഒരു കുത്തകക്കാരൻ ൯-ാം ജോലി തുടങ്ങുന്നതു വരേയോ ഗവൎമ്മെണ്ട് ആവശ്യപ്പെടുന്നു വിചാരിക്കുന്ന സമയം വരെയൊ

[illegible] ഉത്തരവാദിയാകുന്നതാകുന്നു.

൨൧. [illegible] വിക്രയം [illegible] കഴിയുന്നതും വേഗത്തിൽ [illegible] മടക്കി [illegible] കൊടുക്കേണ്ടതാകുന്നു.

൨൨. [illegible] കൂടാതെ [illegible] ലൈസൻസിനെ വിഷയം ആയ കാര്യത്തെ [illegible] കൊടുക്കുന്നതിനോ മറേറു വിധത്തിൽ കൈമാറുന്നതിനോ [illegible] ലൈസൻസ് വാങ്ങിച്ചിട്ടുള്ള വിക്രയിക്കും അധികാരം ഇല്ലാത്തതാകുന്നു.

൨൩. [illegible] ലൈസൻസ് പിടിച്ച (വെണ്ടർ) വിക്രയിയോ അയാളു [illegible] ലൈസൻസ് [illegible] വല്ല [illegible] നിയോഗിക്കുന്നതോ അ [illegible] ലൈസൻസു [illegible] ആവശ്യപ്പെടുന്നതു [illegible] ലൈസൻസിലേയോ കാര്യങ്ങൾ [illegible] നടത്തിക്കുന്നതിനു [illegible] ആണെന്നു എക്സൈസ് കമ്മിഷണർ വിചാരിക്കുന്ന [illegible] കമ്മീഷണർ [illegible] ലൈസൻസ് വിക്രയിയും [illegible] ആ [illegible] അനുസരിച്ചു [illegible] ചെയ്യുന്ന ഓരോ ദിവസ [illegible] ലൈസൻസ് പിടിച്ച വിക്രയിയോ [illegible] ആയി [illegible] ചെയ്യും. ഒരു മാസം കാലത്തെ [illegible] ലൈസൻസ് വിക്രയിയുടെ ലൈസൻസിനെയോ റദ്ദ് ചെയ്യാവുന്നതാകുന്നു.

൨൪. [illegible] ലൈസൻസ് [illegible] അയാളുടെ [illegible] അധികാരം [illegible] എന്നാൽ അയാൾ ലൈസൻസ് വാങ്ങി [illegible] അനുസരിച്ചു [illegible] ഉത്തരവാദിത്വം [illegible]

൨൫. [illegible] ആണ്ടിൽ [illegible] ഒടുവി [illegible] ദിവസം [illegible] ഒടുവിലത്തെ ദിവസത്തിലോ അ [illegible] കൊടുക്കുന്ന മറ്റു [illegible] ഒടുക്കേണ്ടതാകുന്നു.

൨൬. [illegible] അനുസരിച്ചു [illegible] ലൈസൻസുകാരനോ ഒടുക്കീട്ടുള്ള [illegible] ഗവമെന്റിലേക്കു ഒടുക്കീട്ടില്ലെന്ന [illegible] ഒടുവിലത്തെ മൂന്നു മാസം കാലത്തെക്കു [illegible] ഇൻഡ്യാ ഗവമെന്റ് പ്രാമിസറി നോട്ടുകളോ [illegible] ലൈസൻസുകാരനോ ഒടുക്കേണ്ട [illegible] തിരിയെ [illegible] എങ്കിൽ തിരിയെ കൊടു [illegible] പ്രാമിസറി നോട്ടുകളേയോ [illegible] മറ്റുവല്ല വിധത്തിലും [illegible] ചെയ്യും [illegible] ഉണ്ടായിരുന്നാൽ [illegible] എന്നപോലെ [illegible] ചെയ്യേണ്ടതാകുന്നു.

൨൭. [illegible] പണം [illegible] വല്ല [illegible] പണം ഒടുക്കുന്ന [illegible] ആഫീസരോ അ [illegible] ഉദ്യോഗസ്ഥനോ പണം [illegible] ൫ ദിവസങ്ങൾക്കു [illegible] അല്ലാതെ മുമ്പിൽ ആയി കൊടു [illegible] ആഫീസരുടെ മുമ്പാകെ [illegible]

൨൦. ഒരു കുത്തകയൊ ലൈസൻസൊ അനുസരിച്ചു ഒടുക്കേണ്ടതായ തുടർച്ചയായ വല്ല രണ്ടു തവണകളും കുടിശ്ശിക വീഴുന്നതായാൽ എക്സൈസ് കമ്മിഷണർ ദിവാൻെറ അനുവാദത്തോടുകൂടി ലൈസൻസിനെ തൽക്കാലത്തേക്കു നിറുത്തിവെക്കയൊ ആ കുത്തകക്കാരൻെറയൊ ലൈസൻസുകാരൻെറയൊ ഭാഗ്യാഭാഗ്യത്തിന്മേൽ ആ സ്വാതന്ത്ര്യത്തെ വില്ക്കുന്നതിനു ആജ്ഞാപിക്കയൊ ചെയ്യുന്നതാകുന്നു.

൨൧. വീണ്ടും വില്ക്കുന്നതിനു ആജ്ഞാപിക്കുമ്പോൾ പുതിയ കുത്തകയൊ ലൈസൻസൊ നടപ്പിൽ വരുന്നതുവരെ ആ കുത്തകയിലേയൊ ലൈസൻസിലേയൊ കാര്യാദികളെ ഡിപ്പാർട്ടുമെണ്ട് ജീവനക്കാരെക്കൊണ്ടു നടത്തിക്കേണ്ടതാകുന്നു. അങ്ങനെയുള്ള പുനർവിക്രയത്തിൻെറയൊ മറ്റുവിധത്തിൽ ചെയ്ത ഏർപ്പാടിൻെറയൊ വിവരം കുത്തകക്കാരനേയൊ ലൈസൻസുകാരനേയൊ തെരിയപ്പെടുത്തേണ്ടതാകുന്നു.

൨൨. ഒരു കുത്തകക്കാരനൊ ലൈസൻസുകാരനൊ ഗവർമ്മെണ്ടിലേക്കു ഒടുക്കാനുള്ള എല്ലാ കുടിശ്ശികകൾക്കും ആണ്ടു ഒന്നുക്കു ൧൦൦-ന്നു ൧൨ വീതം പലിശ ചുമത്തുന്നതാകുന്നു.

൨൩. കുത്തകക്കാരനൊ ലൈസൻസുകാരനൊ കുത്തകത്തുകയെ ഇളച്ചുകൊടുക്കയൊ കുറച്ചുകൊടുക്കയൊ ചെയ്യണമെന്നു യാതൊരുവിധം കാരണത്താലും അവകാശപ്പെടാൻ പാടില്ല.

ലൈസൻസുകാർ.

൨൪. ലൈസൻസുകാരൻ വല്ല കള്ളും അയാളുടെ ലൈസൻസിലെ സ്ഥലത്തിനു പുറമെ വില്ക്കയൊ കൈവശം വച്ചുകൊണ്ടിരിക്കയൊ ചെയ്യരുതു.

൨൫. കള്ളുവില്ക്കുന്നതു കെട്ടിടമുഴുവനൊ അധികഭാഗമൊ ഈ കാര്യത്തിലേക്കായി പ്രത്യേകം തിരിച്ചുവച്ചിരിക്കുന്ന ഉചിതമായ ഒരു കെട്ടിടത്തിൽ വച്ചു മാത്രമെ ആകാവു.

൨൬. തൻെറ ലൈസൻസ് സംബന്ധിക്കുന്നതല്ലാത്ത യാതൊരു ലൈസൻസ് ഉള്ള സ്ഥലത്തും കള്ളു വില്ക്കയൊ കൈവശം വച്ചുകൊണ്ടിരിക്കയൊ ചെയ്തുകൂടാ.

൨൭. ഓരോ പീടികയുടെയും മുൻവശത്തായി ലൈസൻസ് നമ്പരും ലൈസൻസുകാരൻെറ പേരും ഏതു സാധനങ്ങൾ വില്ക്കുന്നതിനു ലൈസൻസു കിട്ടിയിട്ടുണ്ടൊ ആ സാധനങ്ങളുടെ പേരും അവയെ വില്ക്കുന്ന വിലയും എഴുതി ഒരു അടയാളപ്പലക പതിച്ചിരിക്കേണ്ടതാകുന്നു. ഈ വിവരങ്ങൾ മലയാളം അക്ഷരത്തിൽ പ്രത്യേകമായി വായിക്കത്തക്കവണ്ണം എഴുതിയിരിക്കണം, എന്നാൽ തോവാള, അഗസ്തീശ്വരം, ചെങ്കോട്ട ഈ താലൂക്കുകളിൽ തമിഴ് അക്ഷരത്തിലും ഭാഷയിലും ആയിരിക്കേണ്ടതാകുന്നു.

൨൮. വില്പാനായി വച്ചിരിക്കുന്ന എല്ലാ കള്ളും നല്ലതരത്തിൽ ആയുള്ളതും കലപ്പു ചേരാത്തതും ആയിരിക്കണം. അതിൻെറ ലഹരിശക്തിയെ വർദ്ധിപ്പിക്കുന്നതിലേക്കൊ മറ്റു വല്ല കാര്യത്തിലേക്കൊ ആയി ഈ സാധനത്തോടു യാതൊന്നിനേയും കലർത്തിക്കൂടാ.

൨൯. സേവിക്കുന്നതിനൊ ഉപയോഗിക്കുന്നതിനൊ കൊള്ളരുതാത്തതായൊ കലപ്പു ചേർന്നിട്ടുള്ളതായി സംശയിക്കപ്പെട്ടതായൊ ഉള്ള ഏതുകള്ളിനേയും കൈവശപ്പെടുത്തുന്നതിനു പീടികകളെ പരിശോധിക്കാൻ അധികൃതനായ ഓരോ ഉദ്യോഗസ്ഥനും അധികാരം ഉള്ളതാകുന്നു.

൩൦. കുഷ്ഠരോഗമൊ മറ്റു സാംക്രമികരോഗമൊ പിടിപെട്ടിട്ടുള്ള യാതൊരു ആളിനേയും ഒരു പീടികയിലൊ പുറസ്ഥലത്തൊ ഇവയെ വില്ക്കുന്നതിലൊ കടത്തിക്കൊണ്ടുപോകുന്നതിലൊ ഈ സാധനത്തെ സംബന്ധിച്ചു മറ്റു ജോലിയിലൊ ഏർപ്പെടുത്തിക്കൂടാ.

൩൧. എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടേയൊ പക്കൽ നിന്നു ലഭിച്ചിട്ടുള്ള വിശേഷാൽ അധികാരം ഇല്ലാതെ യാതൊരു പീടികയും സൂര്യോദയത്തിനു മുമ്പെ തുറക്കുകയൊ രാത്രി ൯ മണി അടിച്ചതിൻപിന്നീടു തുറന്നു വച്ചിരിക്കുകയൊ ചെയ്തുകൂടാ.

൩൨. പീടികകളിൽ മദ്യപാനമത്തതയൊ ലഹളയൊ ചൂതൊ അനുവദിക്കരുതു. ദുർന്നടത്തക്കാരൻ എന്നു പേരുകേട്ട യാതൊരു ആളിനേയും പീടികയിൽ വരുന്നതിനൊ പീടികകളിൽ താമസിക്കുന്നതിനൊ അനുവദിച്ചുകൂടാ. വല്ല കുറ്റവും നടന്നിരിക്കയൊ പതിവായി കുറ്റം

[illegible] ചെയ്യുന്ന വിധം ലൈസൻസുകാരൻ [illegible] എക്സൈസ് [illegible] പോലീസിന് [illegible] ചെയ്തുകൂടാ.

൧൨. ലൈസൻസിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ ഒരു സ്ഥലത്തിൽ നിന്നു മറ്റൊന്നിലേക്കു വല്ല പീടികയെയും മാറ്റുന്നതിനു അനുവദിക്കയോ [illegible] ലൈസൻസുകാരന്റെ [illegible] എക്സൈസ് കമ്മീഷണർക്കും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കും അധികാരമുണ്ടായിരിക്കുന്നു.

൧൩. (എ) [illegible] വല്ല അത്ഭുതാദിയോ [illegible] കൂടാതെ,

(ബി) വല്ല യൂറോപ്യൻ നോൺ കമ്മിഷണ്ഡ് ആഫീസർ പ്രൈവറ്റ് അല്ലെങ്കിൽ സോൾജർ ഇവർക്കും,

(സി) വല്ല യൂറോപ്യനോ യൂറേഷ്യനോ ആയ [illegible],

(ഡി) മേൽപ്പറഞ്ഞ ആളുകളിൽ വല്ലവരുടേയും കുടുംബങ്ങളിലെ അംഗമായ ഏവനും,

(ഇ) [illegible] ആളുകൾ ഡ്യൂട്ടിയിൽ ഇരിക്കുമ്പോൾ,

(എഫ്) യൂറോപ്യനോ യൂറേഷ്യനോ ആയ വല്ല സെയിലർക്കും.

(ജി) ഏതെങ്കിലും ശിപായിക്കും പോലീസ് സൈന്യത്തിൽ ചേർന്ന ആൾക്കും,

(എച്ച്) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ യാതൊരു ജീവനക്കാരനും,

(ഐ) റെയിൽവെ കമ്പനിയിലെ യാതൊരു ജീവനക്കാരനും,

(ജെ) യാതൊരു [illegible]കളിലും,

(കെ) പോലീസിന്റെ ബന്തോവസ്സിൽ പോകുന്ന വല്ല യൂറോപ്യനോ യൂറേഷ്യനോ ആയ കുറ്റക്കാരനും,

(എൽ) ൧൪ വയസ്സിനു താഴെ ഉള്ള വല്ല കുട്ടിക്കും,

(എം) ഭ്രാന്തനായ വല്ലവനും,

കള്ള് വിൽക്കുകയോ കൊടുക്കുകയോ ചെയ്തുകൂടാ.

൧൪. യൂറോപ്യൻ ശിപായിമാരോ നാട്ടുകാരായ ശിപായിമാരോ ചേർന്നിട്ടുള്ള ഒരു പട്ടാളമോ അല്ലെങ്കിൽ അതിന്റെ ഒരു അംശമോ സമീപസ്ഥലങ്ങളിൽകൂടി പോകയോ കൂടാരം അടിച്ചിരിക്കയോ ചെയ്തിരിക്കുമ്പോൾ ആ വഴിയിലോ വഴി അരികിലോ ഉള്ള കടകളെ എക്സൈസ് കമ്മീഷണരുടെ ഹുക്കുംപോലെ അടപ്പിക്കാവുന്നതാകുന്നു.

൧൫. ലൈസൻസ് കൂടാതെ [illegible] എന്നു ഗവർമ്മെന്റ് വിധിച്ചിട്ടുള്ള [illegible] ഗാലൻ അല്ലെങ്കിൽ [illegible] കൂടുതലായി കള്ള് സാധുവായ പെർമിട്ട് കൂടാതെ ലൈസൻസ് ഉള്ള യാതൊരു സ്ഥലത്തിൽ നിന്നും ഒരു കാലത്തിൽ യാതൊരുത്തനും കടത്തിക്കൊണ്ടു പോകുന്നതിനു അനുവദിക്കപ്പെടുന്നതല്ല.

൧൬. യാതൊരു പീടികയെ എങ്കിലും താൽക്കാലികമായോ സ്ഥിരമായോ അടയ്ക്കുന്നതിനു എക്സൈസ് കമ്മീഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരോ അധികാരപ്പെടുത്തുകയോ അനുവദിക്കയോ ചെയ്തിരുന്നാൽ അല്ലാതെ ഓരോ പീടികയും ൧൦-ം ചട്ടങ്ങൾ ൧൦-ാം വകുപ്പിൽ വിധിച്ചിരിക്കുന്ന വിധം തുറന്നു വെച്ചിരിക്കേണ്ടതാകുന്നു. സ്ഥലത്തെ ആവശ്യങ്ങൾക്കു മതിയായതു എന്നു എക്സൈസ് കമ്മീഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരോ വിചാരിക്കുന്നേടത്തോളം അത്ര കള്ള് ഓരോ പീടികയിലും ഉണ്ടായിരിക്കേണ്ടതാകുന്നു. എക്സൈസ് കമ്മീഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരോ നിശ്ചയിക്കുന്ന തിയതിക്കകം തുറക്കപ്പെടാത്ത യാതൊരു പീടികയേയും ലൈസൻസ്കാരന്റെ യോഗ്യായോഗ്യത്തിന്മേൽ വീണ്ടും വിൽക്കുന്നതിനു ഇടവരുന്നതാകുന്നു.

൧൮. രൊക്കം പണത്തിനായിട്ടല്ലാതെ പീടികകളിൽ കള്ളു വിററുകൂടാ

൧൯. ഓരോ ലൈസൻസ്കാരനും അതാതുദിവസം നടക്കുന്ന കൊടുക്കൽ വാങ്ങലുകളുടെ സത്യമായ വിവരണം നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ മഷികൊണ്ടു ദിവസേന എഴുതി തന്റെ പീടികയിൽ വെച്ചിരിക്കേണ്ടതാകുന്നു. വാങ്ങിക്കുന്ന പെർമിട്ടുകളേയും കൊടുക്കുന്ന പെർമിട്ടുകളുടെ ഇരട്ടിപ്പിനേയും സൂക്ഷ്മമായി ഫൈൽ ചെയ്തു വെച്ചുകൊള്ളേണ്ടതാകുന്നു. പിൻകാലത്തിൽ കൊടുക്കുന്നതിലേക്കായി വേണ്ട വിവരങ്ങൾ എഴുതാതെ ഉള്ള ബ്ലാങ്ക് പെർമിട്ടുകളിൽ ഒപ്പിട്ടു വെച്ചുകൂടാത്തതു. കണക്കുകളും പെർമിട്ടുകളും അച്ചടിച്ച പുസ്തകങ്ങളിൽ ആയിരിക്കണം. ഈ പുസ്തകങ്ങൾ വിലകൊടുത്തു എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നിന്നു വാങ്ങിക്കാവുന്നതാകുന്നു. അവയെ എക്സൈസ് കമ്മിഷണരുടേയോ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടേയോ ആ വിധം പീടികകളെ പരിശോധിക്കുന്നതിനായി അധികൃതനായ വല്ല ഉദ്യോഗസ്ഥന്റെയോ പരിശോധനത്തിനായി ഹാജരാക്കേണ്ടതാകുന്നു.

൨൦. എക്സൈസ് കമ്മിഷണർ അതാതു കാലം ആവശ്യപ്പെടാവുന്ന തഖണക്കുകളും മററു വിവരങ്ങളും ഓരോ ലൈസൻസ്കാരനും അയക്കേണ്ടതാകുന്നു

൨൧. ഇരുപതു രൂപായിൽ കുറയാതെ ശമ്പളം വാങ്ങിക്കുന്ന പൊറിഞ്ഞാഫീസരുടെ സ്ഥാനവലിപ്പം ഉള്ളവരോ കൂടുതൽ സ്ഥാനവലിപ്പം ഉള്ളവരോ ആയ എല്ലാ എക്സൈസ് ഉദ്യോഗസ്ഥന്മാൎക്കും ലൈസൻസ് ഉള്ള പീടികകളെ പരിശോധിക്കുന്നതിനും പീടികകളുടെ സമീപ സ്ഥലങ്ങളെ പരിശോധിക്കുന്നതിനും ഉപയോഗിച്ചുവരുന്ന അളവുകളേയും വില്ക്കുന്ന സാധനത്തേയും ശോധിക്കുന്നതിനും പീടികയിൽ വെച്ചിരിക്കുന്ന കണക്കുകളെ വരുത്തുകയും ശരി തന്നെയൊ എന്നു നോക്കുകയും ചെയ്യുന്നതിനും അധികാരം ഉള്ളതാകുന്നു.

൨൨. കള്ളു കടത്തിക്കൊണ്ടുപോകയൊ വില്ക്കയൊ ചെയ്യുന്നതിൽ ഓരോ ലൈസൻസുകാരനാലും നിയുക്തനായ വല്ല ആളും കലാൽ നിയമമൊ അതിൻ കീഴുള്ള നിയമമൊ ലംഘിച്ചു നടക്കുന്നതായ വല്ല സംഗതിയും തന്റെ അറിവിൽ പെടുന്നതായാൽ ആ എല്ലാ സംഗതികളേയും അവർ ഏൎപ്പെട്ടിരിക്കുന്ന ഓരോ ഇടവാടുകളേയും എക്സൈസ് കമ്മിഷണൎക്കൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണൎക്കൊ റിപ്പോൎട്ടു ചെയ്യുന്നതിനും അങ്ങിനെയുള്ള ആളിനെ ജോലിയിൽ നിന്നു വിടുത്തണം എന്നു എക്സൈസ് കമ്മിഷണരൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരൊ കൊടുക്കുന്ന യാതൊരു ഉത്തരവിനേയും അനുസരിക്കുന്നതിനും ഓരോ ലൈസൻസുകാരനും നിബന്ധനായിരിക്കുന്നു.

൨൩. ലൈസൻസിലെ വ്യവസ്ഥകളെ ലൈസൻസുകാരനാകട്ടെ, അയാളാൽ നിയമിക്കപ്പെട്ട വല്ല ആളുകളെ വല്ല വിധത്തിലും ലംഘിച്ചാൽ, ലൈസൻസുകാരനു ഒന്നിലൊ,

(എ) ൨൦ രൂപാ വരെ പിഴ ശിക്ഷ ലഭിക്കുന്നതിനു ഇടയാകും, അല്ലെങ്കിൽ

(ബി) ദിവാന്റെ അനുവാദത്തോടുകൂടി, മുൻപേറായി കെട്ടിവച്ചിട്ടുള്ള പണത്തെ അയാൾ ഇളന്നുപോകേണ്ടതും, ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതും, ലൈസൻസിൻപ്രകാരം ഉള്ള അവകാശത്തെ ലൈസൻസുകാരന്റെ യോഗ്യാഭാഗ്യത്തിന്മേൽ വീണ്ടും വിൽക്കയൊ മററു വിധത്തിൽ വിനിയോഗിക്കയൊ ചെയ്യുന്നതും ആകുന്നു.

(സി) അല്ലെങ്കിൽ, ലൈസൻസുകാരന്റെ യോഗ്യാഭാഗ്യത്തിന്മേൽ ഗവൎമ്മെണ്ടിന്റെ ഭരണത്തിൽ പീടികയെ എടുത്തുകൊള്ളുന്നതാകുന്നു.

ഈപ്രകാരം ലൈസൻസ് റദ്ദ് ചെയ്യപ്പെടുമ്പോൾ, ലൈസൻസിലെ ശിഷ്ടം കാലത്തേക്കു ബാക്കി ചെല്ലാനുള്ള കിസ്തു തുക ഉടൻ തന്നെ ചെലുത്തേണ്ടതായിവരും.

൨൪. ൨൨-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, തവണകളിൽ കുടിശികവകക്കായിട്ടൊ. ലൈസൻസുകാരന്റെ മേൽ നിശ്ചയിക്കപ്പെട്ട പിഴ ശിക്ഷകൾക്കായിട്ടൊ അയാൾ ചെലുത്താനുണ്ടായിരിക്കാവുന്ന മററു ബാധ്യതകൾക്കായിട്ടൊ, മുൻകൂറായി അടച്ചിട്ടുള്ള പണത്തിലേയൊ ജാമ്യപ്പണത്തിലേയൊ വല്ല ഭാഗത്തേയും ദിവാന്റെ അനുവാദത്തോടുകൂടി. ഏതു സമയത്തും എക്സൈസ് കമ്മിഷണർ ഗവൎമ്മെണ്ടിലേക്കായി എടുത്തുകൊള്ളാവുന്നതാകുന്നു. ഇങ്ങനെ എടുത്തിട്ടുള്ളതായി അറിയിപ്പു കൊടുത്ത ദിവസം മുതൽ ൧൫ ദിവസത്തിനകം ആ സംഖ്യ കെട്ടിവെക്കുന്നതിൽ ലൈസൻസുകാരൻ വീഴ്ച വരുത്തിയാൽ, അയാൾ ലൈസൻസ് ഇളന്നുപോകുന്നതും, ഗവൎമ്മെണ്ടിലേക്കു ഉണ്ടാകാവുന്ന എല്ലാ നഷ്ടത്തിനും അയാൾ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

൩൫. [illegible] അനുസരിച്ചു ഒരു പിഴ ശിക്ഷ നിശ്ചയിച്ചിരിക്കയൊ, [illegible] [illegible] ലൈസൻസ് റദ്ദ ചെയ്യപ്പെടുകയൊ, ചെയ്തിരിക്കുമ്പോൾ [illegible] [illegible] [illegible] [illegible] വിഷയം ആയിചെയ്തിട്ടുള്ള [illegible] പ്രത്യേക [illegible] [illegible] [illegible] [illegible] [illegible] [illegible] പ്രസിദ്ധം ചെയ്യപ്പെടാൻ [illegible] ലൈസൻസു കാരനൊ അയാളുടെ [illegible] [illegible] കഴിക്കുന്നതല്ല.

൩൬. [illegible] [illegible] ആഫീസിൽ കണ്ടു [illegible], [illegible] കാലത്തു [illegible] [illegible] ഉത്തരവിനെ സംബന്ധിച്ചെങ്കിലും [illegible] മററു നിയമത്തിന്നൊ വി [illegible] [illegible] [illegible] ലൈസൻസു [illegible] [illegible] [illegible] [illegible] ലൈസൻസ് റദ്ദ ചെയ്യപ്പെട്ടിട്ടുള്ളതായി ദിവാൻ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ലൈസൻസു കാരനെ ലൈസൻസ് വച്ചുകൊള്ളുന്നതിലേക്ക [illegible] [illegible] ദിവാന്റെ അഭിപ്രായം [illegible] ചെയ്താൽ ലൈസൻസുകാരന്റെ ലൈസൻസിനെ [illegible] [illegible] [illegible] ഇടയാകുന്നതാകുന്നു. [illegible] പ്രകാരം ഒരു ലൈസൻസ് [illegible], ലൈസൻസുകാരന്റെ യോഗ്യ [illegible] [illegible] [illegible] മററു വിധത്തിൽ [illegible] ചെയ്യുന്നതാകുന്നു.

൩൭. ലൈസൻസുകാരനും, എക്സൈസ് ഡിപാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും തമ്മിൽ പണമിടപെട്ട യാതൊരുവിധത്തിൽ ഉള്ള ഇടപാടും ചെയ്യുപോകുന്നതെന്ന ഖണ്ഡിതം ആയി വിരോധിച്ചിരിക്കുന്നു.

൩൮. ദിവാന്റെ അനുവാദത്തോടുകൂടി [illegible] ദിവസത്തെ മുന്നറിയിപ്പ കൊടുത്തതിന്റെ മേൽ, എക്സൈസ് കമിഷണർ ലൈസൻസിനെ റദ്ദ ചെയ്യാവുന്നതാകുന്നു. അങ്ങനെ റദ്ദ ചെയ്യുന്നതായാൽ ലൈസൻസുകാരൻ കൊടുത്തിരുന്ന ഫീസിൽ അനുരൂപം ആയ ഒരു ഭാഗമൊ, അയാളിൽ നിന്ന വല്ല സംഖ്യയും കിട്ടാകേണ്ടതായുണ്ടെങ്കിൽ ആ സംഖ്യയെ കുറച്ചിട്ട [illegible] അടച്ചിട്ടുള്ള പണത്തിൽ ബാക്കിയുള്ള തുകയൊ അയാൾക്കു തിരിയെ കൊടുക്കുന്നതാകുന്നു.

൩൯. എക്സൈസ് കമിഷണരൊ കമിഷണരാൽ അധികൃതനായ വല്ല ഉദ്യോഗസ്ഥനൊ ആവശ്യപ്പെടുമ്പോൾ, ഭേദപ്പെടുത്തുന്നതിനായാലും പുതുക്കുന്നതിനായാലും, ഓരോ ലൈസൻസുകാരനും ലൈസൻസിനെ കൊടുക്കേണ്ടതാകുന്നു.

൪൦. പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ ഒഴികെ അസിസ്റ്റണ്ട എക്സൈസ് കമിഷണരൊ സ്ഥാനവലിപ്പം കുറഞ്ഞ എക്സൈസ് ഡിപാർട്ടുമെന്റിലെ വല്ല ഉദ്യോഗസ്ഥനൊ ഈ ചട്ടങ്ങൾ അനുസരിച്ചു നടപ്പാക്കപ്പെടുന്ന ഓരോ ഉത്തരവിന്മേലും, അസിസ്റ്റണ്ട എക്സൈസ് കമിഷണർക്ക അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. അസിസ്റ്റണ്ട എക്സൈസ് കമിഷണർ നടപ്പാക്കുന്ന ഓരോ ഉത്തരവിന്മേലും എക്സൈസ് കമിഷണർക്ക അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. എക്സൈസ് കമിഷണർ നടപ്പാക്കാവുന്ന എല്ലാ ഉത്തരവിന്മേലും ദിവാന്റെ ഹജൂരിൽ ബോധിപ്പിക്കാവുന്നതാകുന്നു.

വിശേഷാൽ വ്യവസ്ഥകൾ.

൪൧. യാതൊരു കള്ളുഷാപ്പും ഉള്ള സ്ഥലത്തു ചാരായം വില്ക്കുന്നതിലേക്കുള്ള അവകാശത്തെ വാങ്ങിച്ചിട്ടുള്ള യാതൊരാളും ചാരായം ഏല്പിക്കാൻ ഏററിട്ടുള്ള കുത്തകക്കാരനും കള്ള വില്ക്കുന്നതിലേക്കുള്ള അവകാശത്തെ ലേലത്തിൽ കൊള്ളുന്നതിന്ന സമ്മതിക്കുന്നതല്ല.

൪൨. കള്ളു വില്ക്കുന്നതിലേക്കുള്ള അവകാശത്തെ വാങ്ങിച്ചിട്ടുള്ള യാതൊരാളും തന്റെ കുത്തകക്കാലത്തു ചാരായം വില്ക്കയൊ ഏല്പിക്കയൊ ചെയ്യുന്നതിലേക്ക അനുവദിക്കപ്പെടുന്നതല്ല.

൪൩. ഈ ചട്ടങ്ങൾ അനുസരിച്ചുള്ള ഒരു ലൈസൻസിനാൽ കൊടുക്കപ്പെടുന്ന അവകാശം കള്ളു ഉണ്ടാക്കുകയും വില്ക്കുകയും ചെയ്യുന്നതിലേക്ക മാത്രമേ വ്യാപിക്കയുള്ളു.

൪൪. ലൈസൻസുകാരൻ വില്ക്കുന്നതിലേക്ക തനിക്ക ആവശ്യം ഉള്ള കള്ളിനെ തിരുവനന്തപുരം പട്ടണത്തിന്ന പുറത്തുള്ള വൃക്ഷങ്ങളിൽ നിന്ന വൃക്ഷക്കരം ഏർപ്പാട്ട സംബന്ധിച്ചുള്ള ചട്ടങ്ങൾ അനുസരിച്ചു വൃക്ഷങ്ങൾ ചെത്തുന്നതിലേക്കുള്ള ലൈസൻസുകൾ പ്രത്യേകം ലഭിച്ചു അവ അനുസരിച്ചു കള്ളിറക്കുകയൊ ഇറക്കിക്കയൊ ചെയ്യാവുന്നതാകുന്നു. മുമ്പു പറഞ്ഞ ചട്ടങ്ങൾ അനുസരിച്ചു ചെത്തുന്നതിലേക്ക ലൈസൻസ് കൊടുക്കപ്പെട്ടിട്ടുള്ള തെങ്ങിൽ

നിന്നൊ, പനയിൽ നിന്നൊ, ചൂണ്ടപ്പനയിൽ നിന്നൊ ഉള്ളതല്ലാത്ത യാതൊരു കള്ളും ലൈസൻസുകാരൻ കടകളിൽ സൂക്ഷിക്കയാകട്ടെ, വില്പാൻ വച്ചിരിക്കയാകട്ടെ, വില്ക്കയാകട്ടെ ചെയ്യരുതു. മേല്പറഞ്ഞ ചട്ടങ്ങൾ അനുസരിച്ചു വൃക്ഷം ചെത്തുന്നതിനുള്ള ലൈസൻസ് വാങ്ങിച്ചിട്ടുണ്ടെങ്കിൽ അല്ലാതെ ലൈസൻസുകാരൻ യാതൊരുകള്ളും വില്ക്കയും അരുതു. എക്സൈസ് കമ്മിഷണർ നിശ്ചയിക്കുന്നതായ ഒരു ഉചിതകാലത്തിനകം അങ്ങിനേയുള്ള ലൈസൻസ് വാങ്ങിക്കൊള്ളുകയും കട തുറന്നുകൊൾകയും വേണം.

൧൩. വൃക്ഷം ചെത്തുന്നതിലേക്ക ലൈസൻസുകാരനു കഴിവുണ്ടാകുന്നതിന്നായി ഒരു വൃക്ഷത്തേയും സ്വതന്ത്രം ആയി ഉപയോഗിക്കാൻ ലൈസൻസ് അവകാശം കൊടുക്കുന്നില്ല. ലൈസൻസുകാരൻ വൃക്ഷത്തിന്റെ ഉടമസ്ഥനുമായി സ്വന്തം ഏൎപ്പാടുകൾ ചെയ്തുകൊള്ളേണ്ടതാകുന്നു.

൧൪. വൃക്ഷം ചെത്തുന്ന വകക്കുള്ള ലൈസൻസിൽ പറഞ്ഞിരിക്കുന്നവയും ആ ലൈസൻസ് സംബന്ധിച്ചുള്ള ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നവയും ആയ വ്യവസ്ഥകൾ അനുസരിച്ചു, ലൈസൻസുകാരന്റെ അപേക്ഷയിന്മേൽ അയാളുടെ പേൎക്കൊ അയാൾ നിയോഗിച്ച ആളുടെ പേൎക്കൊ വൃക്ഷം ചെത്തുന്നതിലേക്ക കൊടുക്കുന്ന ലൈസൻസുകൾ വകയിൽ ചെല്ലാനുള്ള ഫീസിൽ എല്ലാ തവണ ഫീസും ഒടുക്കുന്നതിലേക്ക ലൈസൻസുകാരൻ ഗവൎമ്മെണ്ടിനോടു ബാധ്യപ്പെട്ടിരിക്കും.

൧൫. കള്ളിൽ നിന്നു മദ്യങ്ങൾ വാററി എടുക്കരുതെന്നു ഖണ്ഡിതമായി വിരോധിച്ചിരിക്കുന്നു. ആ സ്ഥലങ്ങളിൽ വാററു കലങ്ങളൊ കള്ളു വാററി എടുക്കുന്നതിനുള്ള മററു സാമഗ്രികളൊ വച്ചിരിക്കയും അരുതു.

൧൬. വൃക്ഷം ചെത്തുന്നതിലേക്കുള്ള ലൈസൻസുകൾ കൊടുക്കുക മുതലായ സംഗതികളെപ്പററി എൻറെ മെ ഇനി ഗവൎമ്മെണ്ട് നടപ്പാക്കിയ ചട്ടങ്ങളെ അനുവൎത്തിച്ചു ലൈസൻസുകാരൻ നടക്കണം.

൧൭. കള്ളു വില്പാൻ വച്ചിരിക്കുന്ന കലങ്ങളും മററു പാത്രങ്ങളും അത്യന്തം വൃത്തിയായ സ്ഥിതിയിൽ സൂക്ഷിക്കണം.

൧൮. (ചാലമൂറ) ഇടങ്ങഴി ഒന്നിനു രണ്ടു ചക്രത്തിൽ കുറഞ്ഞ വിലക്ക യാതൊരു ലൈസൻസുകാരനും കള്ളു വില്ക്കരുതു.

